22

# വിശുദ്ധസ്ഥലത്ത് നിൽക്കൽ

## 2 ശമുവേൽ 6; 7;

## 1 ദിനവൃത്താന്തം 13; 15-17; 22; 28

മോശെ കത്തുന്ന കുറ്റിക്കാട്ടിനടുത്തേക്ക് പോയപ്പോൾ, ദൈവം അവനോടു വിളിച്ച് പറഞ്ഞു, "നീ നില്ക്കുന്ന സ്ഥലം വിശുദ്ധഭൂമി ആകയാൽ, കാലിൽ നിന്ന് ചെരുപ്പു അഴിച്ചു കളക" (പുറപ്പാട് 3:5). നാം ഇന്ന് വിശുദ്ധ സ്ഥലത്ത് നിൽക്കുന്നത് നാം ദൈവത്തെ ആരാധിക്കുവാൻ ഒന്നിച്ചു കൂടിവരുമ്പോഴാണ്, അത് അവന്റെ വിശുദ്ധ സന്നിധിയിൽ നിന്നുകൊണ്ടാണ്. നാം അത് മനസ്സിലാക്കുന്നുണ്ടോ, അല്ലെങ്കിൽ നാം ദൈവമുൻപാകെ ഒരു ഭക്തിയും ബഹുമാനവുമില്ലാതെ വരാൻ തക്കവണ്ണം ആരാധന തരംതാഴ്ന്നതായി ത്തീർന്നോ?

ആരാധന എന്നത്, പ്രഥമവും ഏറ്റവും പ്രാധാനവുമായി, ദൈവം ആരാണ് എന്നും എന്താണ് എന്നും ഉള്ളതിനോടുള്ള പ്രതികരണം ആണ്. നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളുടെ വെറും ഒരു പ്രകടനം മാത്രമല്ല അത്; അത് സർവ്വശക്തന്റെ വ്യക്തിത്വത്തെയും ശക്തിയെയും അംഗീകരിക്കലാണ്. ആരാധനയിൽ ഇന്നു മാറ്റമാവശ്യമാണെന്ന് നാം പറഞ്ഞു കേൾക്കുന്നുണ്ട്, മാറ്റം ആവശ്യവു*മാണ്* - എന്നാൽ നാം ശുശ്രൂഷകൾ കൈകാര്യം ചെയ്യുന്ന വിധത്തിലല്ല അധികവും മാറ്റമുണ്ടാകേണ്ടത്, *മറിച്ച് ഹൃദയങ്ങളിലാണ് ഒരു മാറ്റം വേണ്ടത്!* ആത്മീയ അദ്ധ്യക്ഷന്മാർ നമ്മെ കർത്താവിനോടു ധ്യാനിക്കേണ്ടതിന് പ്രേരിപ്പിക്കുവാൻ തക്കവണ്ണം അല്പ വിശ്വാസികളായി തീർന്നിരിക്കുകയാണ് നാം. ദൈവത്തോടു സമീപിക്കുമ്പോൾ ഒരിക്കൽ കൂടെ നാം തിരിച്ചറിയേണ്ടത്, നാം നില്ക്കുന്നത് വിശുദ്ധ ഭൂമിയിൽ ആണ് എന്നാണ്!

2 ശമുവേൽ 6; 7-ൽ (1 ദിനവൃത്താന്തത്തിലെ അതിനോടു ബന്ധപ്പെട്ട ഭാഗങ്ങളിലും) ദൈവ സന്നിധിയിലേക്കു വരിക എന്നതിന്റെ അർത്ഥം വ്യക്തമായി ഓർമ്മിപ്പിക്കുന്നുണ്ട്. ദൈവത്തിന്റെ ഹൃദയത്തിന് ബോധിച്ച, ദാവീദിനെ, ഓർമ്മിപ്പിക്കേണ്ടിയിരുന്നു, അതുകൊണ്ടു നമ്മെയും ഓർമ്മിപ്പിക്കേണ്ടിയിരിക്കുന്നു.

ദാവീദ് രാജാവായി തീർന്ന ആദ്യദിവസങ്ങളിൽ, മിക്ക ആളുകളെയും ആയുഷ്ക്കാലത്തോളം തൃപ്തിപ്പെടുവാൻ മതിയായ കാര്യങ്ങൾ അവൻ

പൂർത്തിയാക്കി. അവന്റെ മുപ്പതുകളിൽ പോലും, അവൻ രാജ്യത്തെ യോജിപ്പിച്ചു, തലസ്ഥാനം യെരുശലേമിൽ സ്ഥാപിച്ചു, താൻ ഒരു ന്യായമുള്ള, മുഖപക്ഷമില്ലാത്ത ഭരണാധികാരി ആണെന്നും തെളിയിച്ചു. ദാവീദിന്, ഇത് വെറും ഒരു തുടക്കം മാത്രമായിരുന്നു. അവൻ തെക്കും വടക്കും യോജിപ്പിച്ചു; ഇപ്പോൾ മനുഷ്യരെയും ദൈവത്തെയും അവൻ യോജിപ്പിക്കുവാൻ ആഗ്രഹിച്ചു. ദാവീദ് രാജാവിന് നല്ല ഉദ്ദേശങ്ങളുണ്ടായിരുന്നതുപോലെ, എങ്ങനെയായാലും, ആരാധനയെ കുറിച്ചും അവൻ വളരെ പഠിക്കേണ്ടിയിരുന്നു - അതുപോലെ നാം എല്ലാവരും പഠിക്കണം.

"വിശുദ്ധ സ്ഥലത്ത് നിൽക്കൽ" എന്നതിന്റെ അർത്ഥം നോക്കുവാൻ നാം 2 ശമുവേൽ 6; 7-ഉം 1 ദിനവൃത്താന്തം 13-17 ഉം വായിക്കണം.

## ആരാധന ഗൗരവമായ ഒന്നാണ്
## (2 ശമു. 6:1-11; 1 ദിനവൃ. 13:1-14)

1 ദിനവൃത്താന്ത ലേഖകൻ നമ്മോടു പറയുന്നത് ദാവീദ് യെരുശലേം പിടിച്ചടക്കിയശേഷം, അവൻ ആദ്യം യെരുശലേമിലേക്ക് നിയമപെട്ടകം കൊണ്ടുവരുവാൻ നിർണ്ണയിച്ചു എന്നാണ്. അവന്റെ മുൻഗണന യെരുശലേമിനെ "ദാവീദിന്റെ പട്ടണം" ആക്കുക മാത്രമായിരുന്നില്ല, പിന്നെയോ *ദൈവ*ത്തിന്റെ പട്ടണം കൂടെ ആക്കുകയായിരുന്നു - അതു ദൈവത്തെ ദേശത്തിന്റെ കേന്ദ്രസ്ഥാനത്ത് പുനഃസ്ഥാപിക്കേണ്ടതിനായിരുന്നു.

"ദാവീദ് യിസ്രായേലിന്റെ സർവ്വസഭയോടും പറഞ്ഞത്, 'നിങ്ങൾക്കു സമ്മതവും, നമ്മുടെ ദൈവമായ യഹോവയ്ക്കു ഹിതവും ആകുന്നുവെങ്കിൽ, നമ്മുടെ ... ദൈവത്തിന്റെ പെട്ടകം വീണ്ടും നമ്മുടെ അടുക്കൽ കൊണ്ടുവരിക, ശൗലിന്റെ കാലത്ത് നാം അതിനെ ഗണ്യമാക്കിയില്ലല്ലോ'" (1 ദിനവൃത്താന്തം 13:2, 3). നമ്മുടെ പരമ്പരയിൽ ഇതാദ്യമായിട്ടാണ് "നമ്മുടെ ദൈവത്തിന്റെ പെട്ടകം" എന്നു നാം വായിക്കുന്നതുകൊണ്ട്, ചില പശ്ചാത്തല വിവരണം ക്രമത്തിലാക്കിയേക്കാം.

മോശെക്ക് സീനായി പർവ്വതത്തിൽ വെച്ച് പത്തു കല്പനകൾ ലഭിച്ചപ്പോൾ, ദൈവത്തെ ആരാധിക്കുവാൻ വിശുദ്ധ സ്ഥലമായ സമാഗമന കൂടാരം നിർമ്മിക്കുവാൻ അവനു നിർദ്ദേശവും ലഭിച്ചിരുന്നു. സമാഗമനകൂടാരം ഉണ്ടാക്കുവാൻ പറഞ്ഞ സാധനസാമഗ്രികളിൽ ഒന്നായിരുന്നു നിയമ പെട്ടകം. നിയമപെട്ടകം ചെറിയ, സ്വർണ്ണം - പൂശിയ പെട്ടി ആയിരുന്നു. ആ പെട്ടകത്തിൽ മൂന്ന് വസ്തുക്കൾ ഉണ്ടായിരുന്നു: പത്തു കല്പനകൾ എഴുതിയ രണ്ടു കല്പലകകളും, മന്ന വയ്ക്കുന്ന ഒരു സ്വർണ്ണ പാത്രവും, തളിർത്ത അഹരോന്റെ വടിയും ഉണ്ടായിരുന്നു. നിയമപെട്ടകത്തിന്റെ മൂടി സ്വർണ്ണം കൊണ്ടുള്ളതും അതിനെ "കൃപാസനം" എന്നു വിളിക്കുകയും ചെയ്തിരുന്നു (നോക്കുക പുറപ്പാട് 25:22). മൂടിമേൽ സ്വർണ്ണത്താൽ ഉണ്ടാക്കപ്പെട്ട രണ്ടു കെരൂബുകൾ[1] ഉണ്ടായിരുന്നു, ഓരോ വശത്തും ഓരോന്നായി, അവയുടെ ചിറകുകൾ മൂടിമേൽ പരന്നിരിക്കുകയും മുഖങ്ങൾ കൃപാസനത്തിലേക്കു നോക്കിയിരിക്കുകയും ചെയ്തിരുന്നു. നിയമപെട്ടകത്തിന്റെ മറ്റൊരു വിശദീകരണം കൂടെ സൂചിപ്പിക്കേണ്ടതാണ്: പെട്ടിയുടെ താഴെയുള്ള മൂലകളിൽ സ്വർണ്ണ വളയങ്ങൾ പിടിപ്പിച്ചിരുന്നു. നിയമപെട്ടകം ചുമന്നുകൊണ്ടു പോകുവാൻ രണ്ടു സ്വർണ്ണം-പൂശിയ തണ്ടുകൾ ആ വളയങ്ങളിൽ കൂടെ കടത്തിയിരുന്നു (പുറപ്പാട് 25:12-15).

സമാഗമനകൂടാരം ഉണ്ടാക്കിയ ശേഷം, നിയമപെട്ടകം അതിവിശുദ്ധ സ്ഥലത്തുവെച്ചു. അതിവിശുദ്ധ സ്ഥലത്തേക്കു മഹാപുരോഹിതനു മാത്രമേ പ്രവേശിക്കുവാൻ അനുവാദമുണ്ടായിരുന്നുള്ളൂ, അതും പ്രായശ്ചിത്ത ദിനമായ,[2] ആണ്ടിൽ ഒരിക്കൽ മാത്രം. മറ്റാരും നിയമപെട്ടകം കാണരുതായിരുന്നു. ആരും, മഹാപുരോഹിതൻ പോലും, അത് തൊടരുതായിരുന്നു. സമാഗമന കൂടാരം നീക്കിക്കൊണ്ടു പോകുമ്പോൾ, കെഹാത്യപുത്രന്മാർ (ലേവ്യാഗോത്രത്തിൽപ്പെട്ട ഒരു വർഗ്ഗം) ആയിരുന്നു പെട്ടകം ചുമലിൽ തണ്ടുകൾ വെച്ച് ചുമന്നുകൊണ്ട് പോകേണ്ടിയിരുന്നത് (സംഖ്യാപുസ്തകം 7:9; കൂടാതെ നോക്കുക ആവർത്തനപുസ്തകം 10:8). നോക്കുക സംഖ്യാപുസ്തകം 4:15:

> പാളയം യാത്ര പുറപ്പെടുമ്പോൾ, അഹരോനും പുത്രന്മാരും വിശുദ്ധ മന്ദിരവും വിശുദ്ധ മന്ദിരത്തിലെ ഉപകരണങ്ങളൊക്കെയും മൂടി തീർന്ന ശേഷം, കെഹാത്യർ ചുമപ്പാൻ വരേണം എന്നാൽ അവർ മരിക്കാതിരിക്കേണ്ടതിന്നു വിശുദ്ധമായ ഒന്നും തൊടരുത്, സമാഗമന കൂടാരത്തിൽ കെഹാത്യരുടെ ചുമട് ഇവ തന്നേ....

അതേ അദ്ധ്യായത്തിന്റെ വാക്യം 20 കൂടെ നോക്കുക. "അവർ മരിക്കാതിരിക്കേണ്ടതിന്, വിശുദ്ധ വസ്തുക്കളെ പോയി ഒരു നിമിഷം പോലും നോക്കരുതായിരുന്നു." "മരിക്കുക" എന്നതും "അവർ മരിക്കാതിരിക്കുക" എന്നതും നിങ്ങളുടെ മനസ്സിൽ അടിവരയിടുക. "വിശുദ്ധ സ്ഥലം" എന്ന ആശയത്തിന്റെ ഉദാഹരണമായിരുന്നു സമാഗമന കൂടാരത്തിനകത്തെ വിശുദ്ധ സാധന സാമഗ്രികളെല്ലാം. എല്ലാറ്റിലും അതിവിശുദ്ധമായതായിരുന്നു നിയമ പെട്ടകം.

നിർഭാഗ്യവശാൽ, സമയം പോകുന്നതോടെ, വിശുദ്ധമായവയോടുള്ള നിരന്തരമായ ബന്ധം അതു നിസ്സാരമാക്കി തീർത്തു എന്നു തോന്നുന്നു. നമ്മുടെ ആരാധനയിലും അങ്ങനെ സംഭവിക്കാം. നിയമപെട്ടകത്തെ സംബന്ധിച്ച് യിസ്രായേൽ ജനത്തിന് അങ്ങനെ സംഭവിച്ചു.

യിസ്രായേൽ ജനം കനാൻ ദേശത്തെത്തിയപ്പോൾ, അവർ സമാഗമന കൂടാരം ശീലോവിൽ വെച്ചു. ഒരു ദിവസം, യിസ്രായേൽ സൈന്യം വന്ന്, നിയമപെട്ടകം ചോദിച്ചു (1 ശമുവേൽ 4:4). ഫെലിസ്ത്യരുമായുള്ള യുദ്ധത്തിൽ, അവരിൽ നാലായിരം പേർ വീണുപോയിരുന്നു (1 ശമുവേൽ 4:2). അവർ നിയമപെട്ടകവുമായി യുദ്ധത്തിനു പോയാൽ, ''ഒരു-പെട്ടിയിൽ-ഉള്ള-ആ-ദൈവം" അവർക്കു ഭാഗ്യം കൊണ്ടുവരുമെന്ന് അവർക്കുറപ്പുണ്ടായിരുന്നു. അവരുടെ ആ ഭക്തിഹീനമായ വിചാരത്തിൽ ദൈവം പ്രസാദിച്ചില്ല. അടുത്ത യുദ്ധത്തിൽ യിസ്രായേലിന്റെ *മുപ്പതിനായിരം* പേർ മരിക്കുകയും, നിയമ പെട്ടകം ഫെലിസ്ത്യരുടെ കയ്യിൽ ആവുകയും ചെയ്തു (1 ശമുവേൽ 4:10, 11).

ഫെലിസ്ത്യരുടെ കയ്യിൽ നിയമപെട്ടകം ഉണ്ടായിരുന്ന ഏഴുമാസം അവർക്കു കുഴപ്പമല്ലാതെ മറ്റൊന്നുമുണ്ടായില്ല. അവരുടെ വിഗ്രഹങ്ങളെല്ലാം തകർക്കപ്പെട്ടു, അവർക്ക് എലികളാൽ പ്ലേഗ് ബാധിച്ചു, പലരിലും മുഴകളുമുണ്ടായി.[3] ഫെലിസ്ത്യയിലെ മാന്ത്രികന്മാർ ജനത്തോടു നിയമപെട്ടകത്തെ (സ്വർണ്ണദാനങ്ങളും) ഒരു പുതിയ വണ്ടിയിലാക്കി ("ഒരു പുതിയ വണ്ടി" എന്ന പദപ്രയോഗം ശ്രദ്ധിക്കുക [1 ശമുവേൽ 6:7]) ദേശത്തിനു പുറത്തയക്കുവാൻ പറഞ്ഞു (1 ശമുവേൽ 6:7, 8).

യിസ്രായേൽ പട്ടണമായ, ബേത്ത്-ശേമെശിലേക്കു വണ്ടി വലിച്ചുകൊണ്ടുപോയതു കാളകളായിരുന്നു (യോശുവ 21:16) ആ സ്ഥലം യെഹൂദ്യയുടെ അതിരുകളിൽ ഒന്നായിരുന്നു. നിയമപെട്ടകം കണ്ടപ്പോൾ യിസ്രായേല്യർക്കു സന്തോഷമുണ്ടായി - എന്നാൽ അവർക്കു ഭക്തിയുടെയും ബഹുമാനത്തിന്റെയും വികാരമില്ലായിരുന്നു, വിശുദ്ധസ്ഥലത്തു നില്ക്കുന്നു എന്നും തോന്നിയില്ല. അവർ നിയമപെട്ടകത്തിനു ചുറ്റും കൂടി കൃപാസനത്തിൽ എന്തായിരിക്കും എന്നറിയുവാൻ അതു പൊക്കി നോക്കി. ഉടനെ, അവർ മരിച്ചു വീണു![4] (1 ശമുവേൽ 6:19). അതു കണ്ടു ഭയന്ന ബേത്ത്-ശേമെശിലെ പൗരന്മാർ, പതിനഞ്ചുമൈൽ അകലെയുള്ള, കിര്യത്ത്-യെയാരീം എന്ന പട്ടണത്തിലേക്കു നിയമപെട്ടകം അയച്ചു. അതു അവിടെയുള്ള അബീനാദാബിന്റെ വീട്ടിൽ കൊണ്ടുവെച്ചു (1 ശമുവേൽ 7:1).

ശൗലിന്റെ വാഴ്ച്ചക്കാലത്തും, ദാവീദിന്റെ വാഴ്ച്ചയുടെ ആരംഭകാലത്തിലും, ശമുവേലിന്റെ ശുശ്രൂഷാകാലത്തിലും നിയമപെട്ടകം അവിടെത്തന്നെ ആയിരുന്നു. “നമ്മുടെ ദൈവത്തിന്റെ നിയമപെട്ടകം നമുക്കു പോയി കൊണ്ടുവരാം, നാം ശൗലിന്റെ കാലത്ത് അതു ഗണ്യമാക്കിയില്ല” എന്നു, ദാവീദ് പറയുന്നതു വരെ, എഴുപതു വർഷങ്ങളിലധികമായി,[5] അതവിടെ പൊടിപിടിച്ചു കിടക്കുകയായിരുന്നു.

> അനന്തരം ദാവീദ് യിസ്രായേലിൽനിന്നു സകലവിരുതന്മാരുമായി മുപ്പതിനായിരം പേരെ, കൂട്ടിവരുത്തി. കെരൂബുകളുടെ മീതെ അധിവസിക്കുന്നവനായ, സൈന്യങ്ങളുടെ യഹോവ എന്ന നാമത്താൽ വിളിക്കപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ പെട്ടകം ബാലേ-യെഹൂദയിൽ നിന്നു [കിര്യാത്ത് -യെയാരീം എന്നതിന്റെ മറ്റൊരു പേര് (യോശുവ 15:9)], കൊണ്ടു വരേണ്ടിന്നു ദാവീദും കൂടെയുള്ള സകല ജനവും അവിടേക്കു പുറപ്പെട്ടുപോയി (2 ശമുവേൽ 6:1, 2).

എങ്ങനെയായാലും, നമ്മെ അതിശയിപ്പിക്കുന്ന വിധത്തിൽ, നാം 2 ശമുവേൽ 6:3-ൽ വായിക്കുന്നത്, “അവർ ദൈവത്തിന്റെ പെട്ടകം ഒരു പുതിയ വണ്ടിയിൽ കയറ്റി കുന്നിന്മേലുള്ള അബീനാദാബിന്റെ വീട്ടിൽ നിന്നു കൊണ്ടുവന്നു.” *“ഒരു പുതിയ വണ്ടിയിൽ”?* എന്തിനാണ് അവർ നിയമപെട്ടകം പുതിയ വണ്ടിയിൽ കയറ്റിയത്?[6] നിയമപെട്ടകം യിസ്രായേലിലേക്കു കൊണ്ടുവന്നതു പുതിയ വണ്ടിയിലാണെന്നു അവരോടു ആരെങ്കിലും പറഞ്ഞിരുന്നോ?[7] ഭാരമുള്ള എന്തെങ്കിലും നീക്കം ചെയ്യുന്നതിന് ഉചിതമായ ഒന്നായി അതിനെ കണക്കാക്കിയിരുന്നോ? ദാവീദും അവന്റെ ആളുകളും തങ്ങളുടെ പ്രവൃത്തികൾ ചെയ്യുന്നതിൽ പരാജയപ്പെട്ടു. കെഹാത്യ മക്കൾ, നിയമ പെട്ടകം തണ്ടുകളിൽ വഹിച്ചു കൊണ്ടുപോകേണ്ടതിന്റെ പ്രാധാന്യം, അവർ മനസ്സിലാക്കുകയോ അംഗീകരിക്കുകയോ ചെയ്തിരുന്നില്ല, അതിന്റെ ഫലം ആപൽക്കരവുമായിരുന്നു.

നാം സംഭവം തുടർന്നു നോക്കുമ്പോൾ, “അബീനാദാബിന്റെ പുത്രന്മാരായ, ഉസ്സയും അഹ്യോയും, വണ്ടി തെളിച്ചുകൊണ്ടുപോയി”[8] എന്ന് നാം വായിക്കുന്നു (2 ശമുവേൽ 6:3).

> കുന്നിന്മേലുള്ള അബീനാദാബിന്റെ വീട്ടിൽനിന്നു, അവർ അതിനെ [ആ

> പെട്ടകം] ദൈവത്തിന്റെ പെട്ടകവുമായി കൊണ്ടു പോരുമ്പോൾ; അഹ്യോ പെട്ടകത്തിനു മുമ്പായി നടന്നു. ദാവീദും യിസ്രായേൽ ഗൃഹമൊക്കെയും, സരള മരം കൊണ്ടുള്ള സകലവിധ വാദിത്രങ്ങളോടും കിന്നരം, വീണ, തപ്പ്, മുരജം, കൈത്താളം എന്നിവയോടും കൂടെ യഹോവയുടെ മുൻപാകെ നൃത്തം ചെയ്തു (2 ശമുവേൽ 6:4, 5).

ആ രംഗം നിങ്ങളുടെ മനസ്സിൽ സൂക്ഷിക്കുക. കാളവണ്ടി എന്നത് ചെറിയ രണ്ടു ചക്രമുള്ള വാഹനമാണ് - അല്ലെങ്കിൽ നിശ്ചലാവസ്ഥയിലല്ലാത്ത വാഹനമാണ്.[9] നിയമപെട്ടകം വണ്ടിയിൽ വെച്ച്, കാളകൾ അതിനെ കുന്നിൻചെരുവിലൂടെ വലിച്ചുകൊണ്ടുപോയി. അഹ്യോ വണ്ടിയുടെ മുൻപിൽ നടന്ന്, കാളകളെ നിയന്ത്രിക്കുകയും, ഉസ്സ വണ്ടിയുടെ ഒരുവശത്തുകൂടെ നടന്നു എല്ലാം ശരിയാണെന്നു നോക്കിയും പോന്നു. ദാവീദും മറ്റു മുപ്പതിനായിരം പേരും വണ്ടിക്കുചുറ്റും പാട്ടുപാടുകയും, ഉല്ലസിക്കുകയും, നൃത്തം വയ്ക്കുകയും, വാദ്യമേളങ്ങൾ ഉപയോഗിക്കുകയും ചെയ്തിരുന്നു. അത് തികച്ചും ഒരാഘോഷമായിരുന്നു! ദൈവത്തെ പ്രസാദിപ്പിക്കേണ്ടതായിരുന്നു, അതു ശരിയാണോ? തെറ്റാണ്!

പെട്ടെന്ന്, ആഘോഷമെല്ലാം ഒറ്റയടിക്കു നിന്നു. പ്രദക്ഷിണം കീദോനിലെ[10] ധാന്യം മെതിക്കുന്ന സ്ഥലത്തെത്തിയപ്പോൾ, കാള വിരണ്ടു. വണ്ടി മറിയുമെന്നാകുകയും, നിയമപെട്ടകം ഊർന്നുവീഴുമെന്നു തോന്നുകയും ചെയ്തു, ഉൾപ്രേരണയോടെ,

> ... കാള വിരണ്ടതുകൊണ്ടു ഉസ്സാ കൈ നീട്ടി, ദൈവത്തിന്റെ പെട്ടകം പിടിച്ചു. അപ്പോൾ യഹോവയുടെ കോപം ഉസ്സയുടെ നേരെ ജ്വലിച്ചു, അവന്റെ അവിവേകം നിമിത്തം ദൈവം അവിടെ വെച്ചു അവനെ സംഹരിച്ചു; അവൻ അവിടെ ദൈവത്തിന്റെ പെട്ടകത്തിന്റെ അടുക്കൽവെച്ചു മരിച്ചു (2 ശമുവേൽ 6:6, 7).

മുൻപ് ഇതു കേട്ടിട്ടില്ലാത്ത ഒരു കൂട്ടം കോളേജ് വിദ്യാർത്ഥികളോട് ഞാൻ ഈ സംഭവം അടുത്ത സമയത്ത് പറയുകയുണ്ടായി, അവർ അതുകേട്ട് ഞെട്ടി. "ദൈവം എന്തുകൊണ്ടാണ് ഉസ്സയെ കൊന്നത്?" അവർ അത് അറിയുവാൻ ആഗ്രഹിച്ചു. "അവൻ പെട്ടകം തകർന്നുപോകാതിരിക്കേണ്ടതിന്, അതിനെ സംരക്ഷിക്കുവാൻ ശ്രമിക്കുകയായിരുന്നു!"[11] ദൈവത്തിന്റെ കോപത്താലും ആ - സ്ഥലത്തു - വെച്ചുള്ള നീതി നടപ്പാക്കിയതിലും ഞെട്ടിയവരിൽ എന്റെ വിദ്യാർത്ഥികൾ ആദ്യത്തേതോ അവസാനത്തേതോ ആയിരുന്നില്ല. എങ്ങനെയായാലും, ദൈവം എന്താണ് സംഖ്യാപുസ്തകത്തിൽ അരുളിച്ചെയ്തത്? കെഹാത്യ പുത്രന്മാർ നിയമപെട്ടകം തണ്ടിന്മേൽ ചുമക്കേണം, *"അവർ മരിക്കാതിരിക്കേണ്ടതിന് വിശുദ്ധമായതൊന്നും തൊടരുത്"* (സംഖ്യാപുസ്തകം 4:15; എംഫസിസ് മൈൻ).

നാം ഉസ്സയുടെ-മനോഭാവം ഉള്ളവരായതുകൊണ്ടാണ് ഉസ്സയുടെ സംഭവത്തിൽ നമുക്ക് അമ്പരപ്പുണ്ടാകുന്നത്. കർത്താവിനെ സേവിക്കുന്ന കാര്യത്തിൽ, നാം ആത്മാർത്ഥതയുള്ളവരായിരിക്കുന്ന കാലത്തോളം ദൈവത്തിനു നൽകുന്നതെന്തും അവൻ സ്വീകരിക്കുമെന്നും, അതിനു നല്ല ഉദ്ദേശം മതിയായതാണ് എന്നുമാണ് നാം കരുതുന്നത്. ഉസ്സ ആത്മാർത്ഥത ഇല്ലാത്തവൻ ആയി

രുന്നുവെന്നോ തെറ്റായ ഉദ്ദേശമുള്ളവനെന്നോ ഒരിക്കലും ആരും കുറ്റപ്പെടുത്തുയില്ല, എങ്കിലും അവൻ മരണത്തിനിരയായി തീർന്നു.

ആ നിർണ്ണായക നിമിഷത്തിൽ, ദാവീദ് ജനത്തെ ദൈവ-ബോധമുള്ള ജനമാക്കി കൊണ്ടുവരുവാൻ ശ്രമിക്കുമ്പോൾ, നമ്മുടെ ഇഷ്ടപ്രകാരം നിയമാവലികൾ മാറ്റി ആരാധനയെ മാറ്റരുത് എന്ന വസ്തുതയെ കുറിച്ച് ദൈവം വ്യക്തമായി ഓർമ്മപ്പെടുത്തുന്നു. ആരാധന ഗൗരവമുള്ള ഒരു കാര്യമാണെന്നും, നാം അവന്റെ മുമ്പിൽ എത്തുന്നത് നമ്മുടെ നിബന്ധനകളാലല്ല, അവന്റെ നിബന്ധനകളാലാണെന്നും അവരെയും (നമ്മെയും) അവൻ ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. നാം അവന്റെ സന്നിധിയിൽ എത്തുമ്പോൾ, അത് ഏറ്റവും താഴ്മയോടും, ഭക്തിയോടും, ആദരവോടും കൂടെ ആയിരിക്കണം.[12]

ഉസ്സ അവന്റെ കാൽക്കൽ വീണു മരിച്ചപ്പോൾ, ദാവീദിൽ സമ്മിശ്ര വികാരങ്ങൾ ഉണ്ടായി. ആദ്യം, "യഹോവ ഉസ്സയെ ഛേദിച്ച ഛേദം നിമിത്തം ദാവീദിന് *മനോവിഷമം* ഉണ്ടായി" (2 ശമുവേൽ 6:8; എംഫസിസ് മൈൻ). ദാവീദിന്റെ ഉടനെയുണ്ടായ വികാരം നിരാശയും നീരസവുമായിരുന്നു. എന്നാൽ ഉടനെ, എങ്ങനെയായാലും, ദാവീദിന് ഭയമുണ്ടായി: "അന്ന് ദാവീദ് യഹോവയെ *ഭയപ്പെട്ടു*പോയി" (2 ശമുവേൽ 6:9; എംഫസിസ് മൈൻ). ഇതാദ്യമായാണ് ദാവീദ് ദൈവത്തെ ഭയപ്പെട്ടുപോയി എന്നു നാം വായിക്കുന്നത്. അവസാനം, ദാവീദിൽ അനിശ്ചിതാവസ്ഥയുണ്ടായി: "അവൻ പറഞ്ഞു, 'യഹോവയുടെ പെട്ടകം എന്റെ അടുക്കൽ [സ്ഥിരമായി] എങ്ങനെ കൊണ്ടുവരേണ്ടു?'" (2 ശമുവേൽ 6:9). ഗിത്യനായ[13] ഒബേദ്-എദോമിന്റെ വീട് അടുത്തായിരുന്നു. ദാവീദ് തലകുലുക്കികൊണ്ട് നിയമപെട്ടകം അവിടെ വെച്ച്, യെരുശലേമിലേക്ക് തിരിച്ചുപോയി.

നാം നമ്മോടു സത്യസന്ധതയുള്ളവരാണെങ്കിൽ, നമ്മുടെ ആരാധന ദൈവം ആഗ്രഹിക്കുന്നവിധത്തിലായാലും അല്ലെങ്കിലും ദൈവം നമ്മെ അനുഗ്രഹിക്കും എന്നു പ്രതീക്ഷിച്ചുകൊണ്ട്, പലപ്പോഴും നാം നമ്മുടെ "പുതിയ വണ്ടികൾ" ഉണ്ടാക്കുന്നവരാണെന്നു സമ്മതിക്കണം. സമയം അനുവദിച്ചാൽ, ദൈവത്തെ ഇന്ന് ആരാധിക്കുന്നതിന് ആളുകൾ ഉണ്ടാക്കിയ ഉപദേശ സംബന്ധമായ "പുതിയ വണ്ടികൾ" എന്നതിനെകുറിച്ചു ചർച്ച ചെയ്യാം: ആരാധനയിൽ ധൂപവർഗ്ഗം പുകയ്ക്കുന്നതും മെഴുകുതിരി കത്തിക്കുന്നതും, പ്രത്യേക പുരോഹിതന്മാരെ അല്ലെങ്കിൽ വൈദികവൃത്തി ചെയ്യുന്നവരെ കൊണ്ടുവന്ന് ആരാധന നടത്തുന്നത്, കർത്തൃമേശക്കു പകരം മാസും, കർത്തൃമേശ കർത്തൃദിവസമല്ലാതെ അവസരം കിട്ടുന്ന സമയത്തെടുക്കുന്നത്, പരസ്യാരാധന നയിക്കുവാൻ സ്ത്രീകളെ നിയോഗിക്കുന്നത്, ആരാധനയിൽ ഉപകരണങ്ങൾ ഉപയോഗിക്കുന്നത്,[14] തുടങ്ങി അനവധി കാര്യങ്ങളെ കുറിച്ചു സംസാരിക്കാം.[15]

നമുക്ക്, എങ്ങനെയായാലും, ഇതു കഴിയുന്നിടത്തോളം വ്യക്തിപരമായതും പ്രായോഗികമായതും[16] ആക്കാം. ദാവീദോ അല്ലെങ്കിൽ ആഖാനോ ദൈവത്തെ വേണ്ടത്ര ഗൗരവമായി എടുത്തില്ല. പുതിയ വണ്ടി പ്രപഞ്ചത്തിന്റെ യജമാനനോടു ഭയാദരവോ ബഹുമാനമോ കാണിക്കാതിരിക്കുന്നതിനെ കാണിക്കുന്നു. നമ്മിൽ പലരും നമ്മുടേതായ ആദരവില്ലാത്ത പുതിയ വണ്ടികൾ പണിഞ്ഞു എന്നത് വാസ്തവമല്ലേ? പലപ്പോഴും, ദൈവത്തോട് നാം വളരെ നിസ്സാരമായിട്ടാണ് സമീപിക്കുന്നത്. നാം പ്രാർത്ഥിക്കുകയും, പാട്ടു പാടുകയും,

ദൈവവചനം വായിക്കുകയും, കർത്തൃമേശ ആചരിക്കുകയും ചെയ്യുന്നത് അശ്രദ്ധമായിട്ടായിരിക്കും. ദൈവനിന്ദ നിമിത്തമായിരുന്നു ഉസ്സക്കു തന്റെ ഭൗതികമായ ജീവിതം നഷ്ടമായത്. അതു സംശയിക്കരുത്; നമ്മുടെ ആത്മീയ ജീവിതവും നഷ്ടമായേക്കാം.

> ... അതുകൊണ്ടു അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം [കർത്തൃമേശയിൽ] കുടിക്കയോ ചെയ്യുന്നവൻ എല്ലാം, കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരൻ ആകും ... തിന്നുകയും കുടിക്കയും ചെയ്യുന്നവൻ, ശരീരത്തെ വിവേചിക്കാ ഞ്ഞാൽ, തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കയും ചെയ്യുന്നു ... ഇതുഹേതുവായി പലരും ... ബലഹീനരും രോഗികളും ആകുന്നു, അനേ കരും നിദ്രകൊള്ളുന്നു [അതായത്., മരിക്കുന്നു] (1 കൊരിന്ത്യർ 11:27, 29, 30).

ദൈവം ഉസ്സയെ കൊന്നതല്ല അതിശയം; അവൻ നമ്മെ എല്ലാവരേയും കൊല്ലു ന്നില്ല എന്നതാണ്. ആരാധന ഗൗരവമായ കാര്യമാണ് (സദൃശവാക്യങ്ങൾ 1:7; ഹബക്കൂക്ക് 2:20).

## ആരാധനയുടെ സന്തോഷം നിഷേധിക്കാത്ത വിശദാംശങ്ങൾക്കുള്ള കരുതൽ

**(2 ശമു. 6:12-19; 1 ദിനവൃ. 15:1-16:3, 7-36, 43)**

"ന്യായപ്രമാണ" വസ്തുതകളെ കുറിച്ചുള്ള കരുതൽ ഉണ്ടായാൽ അത് സ്വാഭാവികമായും മതത്തെ വന്ധ്യമാക്കുമെന്നും, "നന്നായി അച്ചടിച്ച" തിരു വെഴുത്തുകൾ വേണമെന്ന വാശി ഒരു വ്യക്തിയുടെ മനസ്സിനെ നിഷേധ മന സ്സുള്ളതാക്കി മാറ്റുമെന്നും, അതുകൊണ്ട് സന്തോഷകരമായി ആരാധിക്കുവാ നുള്ള ഏക മാർഗ്ഗം ബൈബിളിൽ കാണുന്ന വിശദാംശങ്ങളെ കാര്യമായി കണക്കാക്കാതെ "സ്വമനസ്സാലെ," ആരാധിക്കുകയാണെന്നുമാണ് ചില ആളു കൾ കരുതുന്നത്. അത് സത്യമല്ല എന്നാണ് നിയമപെട്ടകം യെരുശലേമിലേക്ക് വീണ്ടും കൊണ്ടുവരുന്ന സംഭവം കാണിക്കുന്നത്.

ദാവീദ് ഒബേദ്-എദോമിന്റെ വീട്ടിൽ, നിയമ പെട്ടകം വെച്ചിട്ട് മൂന്നുമാസം കഴിഞ്ഞു (2 ശമുവേൽ 6:11). ഈ മൂന്നുമാസങ്ങൾ ദാവീദിനു തിരക്കുള്ള മാസങ്ങൾ ആയിരുന്നു. അവൻ തന്റെ രാജധാനി പണിയുവാൻ തുടങ്ങി; തന്റെ കുടുംബത്തെയും അതിനോടു ചേർത്തു; അവൻ ഫെലിസ്ത്യരോട് പല നിർണ്ണായക യുദ്ധങ്ങളും നടത്തി (ഒ.വാ. 1 ദിനവൃത്താന്തം 14).

മൂന്നു മാസങ്ങളുടെ അവസാനം, "ദൈവത്തിന്റെ നിയമ പെട്ടകം നിമി ത്തം" ഒബേദ്-എദോമിന്റെ വീട് സമർത്ഥമായി അനുഗ്രഹിക്കപ്പെട്ടു എന്ന് ദാവീദിനോടു ആരോ വന്നു പറഞ്ഞു (2 ശമുവേൽ 6:12). ദാവീദ് ആ വാർത്ത കേട്ട് ഈ കാലത്തിൽ തന്നെയും ദൈവം അനുഗ്രഹിച്ചിരിക്കുന്നു എന്ന വസ്തു ത അറിഞ്ഞപ്പോൾ, ദൈവകോപം മാറി എന്ന് അവൻ തീർച്ചയാക്കി. അങ്ങനെ വീണ്ടും നിയമപെട്ടകം യെരുശലേമിലേക്ക് കൊണ്ടുവരുവാൻ അവൻ ശ്രമിച്ചു.

എങ്ങനെയായാലും, ഈ സമയത്ത്, അവൻ ശരിയായ ഒരുക്കവും പദ്ധ

തിയും നടത്തി. ആദ്യം, ഒരു പ്രത്യേക സ്ഥലം അതിനായി ഒരുക്കി: നിയമപെട്ടകം നഗരത്തിൽ എത്തുമ്പോൾ അതു വയ്ക്കുവാൻ യെരുശലേമിൽ ഒരു കൂടാരം പണിതു.[17] രണ്ടാമത്, ഏറ്റവും മുഖ്യമായി, അവൻ പ്രത്യേക ആളുകളെ ഒരുക്കി. ഇത്തവണ ദാവീദ് തന്റെ പ്രവൃത്തി നന്നായി ചെയ്തു. അവൻ "പഴയ കുടുംബ ബൈബിൾ കൊണ്ടു വരികയും" നിയമപെട്ടകത്തെ കുറിച്ചും, പ്രത്യേകിച്ച് നിയമപെട്ടകം കൊണ്ടുപോകുന്നതിനെ കുറിച്ചും മോശെ അരുളിച്ചെയ്തതു പരിശോധിച്ചു. പുറപ്പാട് 25, സംഖ്യാപുസ്തകം 4-ഉം 7-ഉം, ആവർത്തനപുസ്തകം 10-ഉം അവൻ മനസ്സിലാക്കി. ലേവ്യാ ഗോത്രത്തിൽ പെട്ട കെഹാത്യർ ആയിരുന്നു തണ്ടിന്മേൽ നിയമപെട്ടകം *ചുമക്കേണ്ടിയിരുന്നത്* എന്നവൻ വായിച്ചു. ഈ പ്രാവശ്യം ഏതുപോലെ ചെയ്യണമെന്ന് *ദൈവം* പറഞ്ഞിരുന്നുവോ അതുപോലെ തന്നെ ചെയ്യുവാൻ ദാവീദ് നിർണ്ണയിച്ചു.

2 ശമുവേൽ 6:12-ന്റെ അവസാനം പറയുന്നതു, "ഒബേദ്-എദോമിന്റെ വീട്ടിൽ നിന്നു ദാവീദിന്റെ നഗരത്തിലേക്ക് ദൈവത്തിന്റെ പെട്ടകം ദാവീദ് സന്തോഷത്തോടെ കൊണ്ടുവന്നു." ഒന്നു ദിനവൃത്താന്തം 15 ഈ വിശദീകരണം നൽകുന്നു: "അന്നു ദാവീദ്, 'ലേവ്യരല്ലാതെ ആരും ദൈവത്തിന്റെ പെട്ടകം ചുമക്കേണ്ടതല്ല; അവരെയല്ലോ ദൈവത്തിന്റെ പെട്ടകം ചുമപ്പാനും തനിക്കു എന്നും ശുശ്രൂഷ ചെയ്‌വാനും, യഹോവ തിരഞ്ഞെടുത്തിരിക്കുന്നത് എന്നു പറഞ്ഞു'" (വാ. 2). ദാവീദ് പുരോഹിത പ്രമാണിമാരെയും ലേവ്യരെയും വിളിച്ചുകൂട്ടുകയും നിർദ്ദേശം നൽകുകയും ചെയ്തു:

> ... നിങ്ങളും നിങ്ങളുടെ സഹോദരന്മാരും, യിസ്രായേലിന്റെ ദൈവമായ യഹോവയുടെ പെട്ടകം ഞാൻ അതിന്നു ഒരുക്കിയിരിക്കുന്ന സ്ഥലത്ത് കൊണ്ടുവരുവാൻ, നിങ്ങളെത്തന്നെ ശുദ്ധീകരിച്ചുകൊൾവിൻ. ആദിയിൽ നിങ്ങൾ തന്നെ അതു ചെയ്യായ്ക കൊണ്ട്, നമ്മുടെ ദൈവമായ യഹോവ നമുക്ക് ഛേദമുണ്ടാക്കി, നാം അവനെ നിയമപ്രകാരം അല്ലല്ലോ അന്വേഷിച്ചത് (1 ദിനവൃത്താന്തം 15:12, 13).

"നാം അവനെ നിയമപ്രകാരം അല്ലല്ലോ അന്വേഷിച്ചത്" എന്ന വാക്കുകൾ അടിവരയിടുക. മറ്റൊരു വാക്കിൽ പറഞ്ഞാൽ, "നാം അവനെഴുതിത്തന്ന നിർദ്ദേശങ്ങളെ അനുസരിച്ച് ആരാധിക്കായ്ക കൊണ്ട് ദൈവം നമ്മെ അനുഗ്രഹിച്ചില്ല." "അടിയന്തിര നിയമം" എന്നതിനെ കുറിച്ചു ദാവീദ് പറഞ്ഞത് അഞ്ഞൂറിൽ അധികം വർഷങ്ങൾക്കുമുൻപു മോശെ മുഖാന്തരം നൽകിയതായിരുന്നു - എന്നാൽ അത് അന്നും അതേ പോലെ അനുസരിക്കേണ്ടിയിരുന്നു. ദൈവത്തിന്റെ നിയമങ്ങളെ "കാലോചിതമാക്കി" മാറ്റങ്ങൾ വരുത്തുവാൻ, നമുക്ക് കല്പനയും, അവകാശവുമുണ്ട് എന്ന് ചിലർ കരുതുന്നു. അവന്റെ നിർദ്ദേശങ്ങൾ മാറ്റുവാനുള്ള അവകാശം ദൈവത്തിനു മാത്രമാണെന്ന് - ദാവീദ് മനസ്സിലാക്കി - നാമും മനസ്സിലാക്കണം. നമുക്ക് അതിനധികാരമില്ല.

വചനപ്രകാരമുള്ള ആരാധനയ്ക്ക് രണ്ടു കാര്യങ്ങൾ ആവശ്യമാണെന്ന് പുതിയ നിയമത്തിൽ യേശു പറഞ്ഞു. "ദൈവം ആത്മാവാകുന്നു," അവൻ പറഞ്ഞു, "അവനെ നമസ്ക്കരിക്കുന്നവർ സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കണം" (യോഹന്നാൻ 4:24). ദൈവവചന പ്രകാരം നാം ദൈവത്തെ നമസ്ക്കരിക്കണം (സത്യം, യോഹന്നാൻ 17:17), നാം അതു ചെയ്യുന്നത് നല്ല മനോഭാവത്തോടുകൂടെ ആയിരിക്കണം (ആത്മാവ്). ആരാധനാ മനോഭാവം

ശക്തമാണ്, എന്നാൽ അതുപോലെ ദൈവം പ്രാധാന്യം കൊടുത്തിട്ടുള്ള വിശദാംശങ്ങളും ശക്തമാണ്. നാം ശരിയായ കാര്യങ്ങൾ ശരിയായ വിധത്തിൽ ചെയ്യണം.

ഈ സത്യം ക്രിസ്തുവിന്റെ സഭയുടെ ആരാധനാശുശ്രൂഷകളെ കുറിച്ചു പല വിശദാംശങ്ങളും നല്കുന്നു. നാം ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ കർത്തൃമേശ എടുക്കുന്നതും, അത് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ മാത്രമുള്ളതും എന്തുകൊണ്ട്? എന്തുകൊണ്ടാണ് പുരുഷന്മാർ മാത്രം പ്രാർത്ഥനകൾ നയിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നത്? എന്തുകൊണ്ടാണ് നാം ഉപകരണങ്ങൾ കൂടാതെ, വായ് കൊണ്ടു മാത്രം പാട്ടു പാടുന്നത്? കാരണം അതാണ് ദൈവം പുതിയ നിയമത്തിൽ പറഞ്ഞിട്ടുള്ളത്. ചിലർ എതിർത്തേക്കാം, "എന്നാൽ അത് കർക്കശമാണ്. തീർച്ചയായും ദൈവം അത്തരം അപ്രധാനമായ കാര്യങ്ങളെ ഗൗരവമായി എടുക്കുകയില്ല." 2 ശമുവേൽ 6-ലെയും 1 ദിനവൃത്താന്തം 13–15 ലെയും സംഭവങ്ങൾ ചിത്രീകരിക്കുന്നത് സ്വർണ്ണവളയങ്ങൾ, തണ്ടിന്മേൽ ചുമക്കുന്നത്, നിയമപെട്ടക മൂടി, ആരാണ് നിയമപെട്ടകം ചുമക്കേണ്ടത് എന്നിങ്ങനെയുള്ള "അപ്രധാനവും, ചെറുതും, നിസ്സാരവും" ആയ വിശദാംശങ്ങളെ കുറിച്ചു ദൈവത്തിന് കരുതലുണ്ടായിരുന്നു എന്നാണ്. ദൈവം കരുതിയെങ്കിൽ, നാമും അതങ്ങനെ തന്നെ കരുതണം!

ഈ നിമിഷം നാം ചോദിക്കുന്ന ചോദ്യം, എങ്ങനെയായാലും, ഇതാണ് "ആരാധനയിലെ വിശദാംശങ്ങളിൽ ഊന്നൽ കൊടുത്താൽ അതു സ്വാഭാവികമായി ആരാധനയുടെ സന്തോഷം എടുത്തുകളയുമോ?" ആ ചോദ്യത്തിനുള്ള ഉത്തരം കണ്ടെത്തുവാൻ നമുക്ക് ആ കഥ മുഴുവൻ വായിക്കണം. എല്ലാം ഒരുങ്ങിക്കഴിഞ്ഞപ്പോൾ ...

> ... അങ്ങനെ പുരോഹിതന്മാരും ലേവ്യരും യിസ്രായേലിന്റെ ദൈവമായ യഹോവയുടെ പെട്ടകം കൊണ്ടുവരുവാൻ തങ്ങളെ തന്നേ ശുദ്ധീകരിച്ചു. ലേവ്യരുടെ പുത്രന്മാർ യഹോവയുടെ വചന പ്രകാരം മോശെ കൽപ്പിച്ചതുപോലെ ദൈവത്തിന്റെ പെട്ടകത്തെ അതിന്റെ തണ്ടുകൾ തങ്ങളുടെ ചുമലിൽ കൊണ്ടു ചുമന്നു (1 ദിനവൃത്താന്തം 15:14, 15).

ആകർഷണീയമായ ഒരു വിശദീകരണവും 2 ശമുവേൽ 6:13-ൽ ഉണ്ട്: "യഹോവയുടെ പെട്ടകം ചുമന്നവർ, ആറുചുവടു നടന്നശേഷം, അവൻ [ദാവീദ്] ഒരു കാളയേയും തടിപ്പിച്ച കിടാവിനേയും യാഗം കഴിച്ചു." രണ്ടാമത്തെ ശ്രമം ആദ്യത്തേതുപോലെ അവസാനിക്കുമോ ഇല്ലയോ, അല്ലെങ്കിൽ അത് വിജയിക്കുമോ ഇല്ലയോ എന്നതു ആർക്കും അറിവില്ല എന്നത് ഓർമ്മിക്കുക. നിയമപെട്ടകം ചുമക്കുവാൻ എന്നെയാണ് തിരഞ്ഞെടുത്തതെങ്കിൽ, ആ ആദരവ് സംശയകരമായി ഞാൻ കാണുമായിരുന്നു. "ഞാനോ? ഉസ്സയെ കൊന്ന പെട്ടി ചുമക്കുവാനോ? നിങ്ങൾ തമാശ പറയുകയായിരിക്കും!"

പെട്ടകത്തോടടുത്തവർ വിയർക്കുന്നതു നിങ്ങൾക്കു കാണുവാൻ കഴിയുന്നില്ലേ? അവർ മടിച്ചുമടിച്ചു കൈവിരലുകൾ തണ്ടിന്മേൽ തൊടുവാൻ നീട്ടിയിട്ട്, പെട്ടെന്നു തിരിച്ചെടുത്തു. ഒന്നും സംഭവിച്ചില്ല, അതിനാൽ അവർ സ്വയം ധൈര്യം സംഭരിച്ചു, പിന്നെ നിയമപെട്ടകം ശ്ര-ദ്ധി-ച്ചു പൊക്കി ജാഗ്രതയോടെ അവരുടെ ചുമലിലേറ്റി. വിപത്ത് സംഭവിക്കാതിരുന്നതുകൊണ്ട്, ഇതു അവസാനത്തേതാകുമോ എന്നു കരുതി, അവർ ശ്രദ്ധിച്ച് ഒരു കാലെടുത്തുവെച്ചു.

പിന്നെ രണ്ട് ... പിന്നെ മൂന്ന് ... നാല് ... അഞ്ച് ... ആറ് ചുവട് അവർ നടന്നു. അവർ പതുക്കെ പെട്ടകം താഴ്ത്തി, ദീർഘശ്വാസം വിടുകയും, ചിരിക്കുകയും ചെയ്തു. ഈ പ്രാവശ്യം എല്ലാം ശരിയാകും!

നിയമപെട്ടകം ചുമക്കുന്നതിനു ആളുകളെയും അതു വെക്കുന്നതിനു ഒരു സ്ഥലവും ഒരുക്കുക മാത്രമല്ല ദാവീദ് ചെയ്തത്; അവൻ യാഗം കഴിക്കുവാനുള്ള ഒരുക്കവും നടത്തി. അവിടെ വെച്ച് അവൻ "ഒരു കാളയെയും തടിപ്പിച്ച കിടാവിനെയും യാഗം കഴിച്ചു" (2 ശമുവേൽ 6:13; എൻഐവി). ദാവീദിന്റെ ആ വഴിപാടിനു പുറമെ, ആ സംഭവത്തിനു അവരുടെ ഗോത്രത്തിത്തോടുള്ള പ്രാധാന്യം മനസിലാക്കി, ലേവ്യരും ഒരു പ്രത്യേക യാഗം നടത്തി: ദൈവം അവരോടുകൂടെ ഉണ്ടെന്നു അവൻ കാണിച്ചുകൊടുത്തു; ദേശത്തിന്റെ ജീവിതത്തിൽ അവർ ശരിയായ സ്ഥാനത്തേക്കു പുനരേകീകരിക്കപ്പെട്ടു. "യഹോവയുടെ നിയമപെട്ടകത്തിന്റെ വാഹകന്മാരായ ലേവ്യർക്കു ദൈവം സഹായിച്ചതുകൊണ്ടു, അവർ ഏഴു കാളയേയും ഏഴു ആട്ടുകൊറ്റനെയും യാഗം കഴിച്ചു" (1 ദിനവൃത്താന്തം 15:26).

ഇപ്പോൾ ദൈവവുമായുള്ള അവരുടെ ബന്ധം എല്ലാം ശരിയായി.അവരുടെ ഹൃദയത്തിൽ മാത്രമല്ല, ദൈവേഷ്ടപ്രകാരം ജീവിക്കുന്നതിലും അവർ ദൈവത്തെ മഹത്വപ്പെടുത്തി. കുറ്റത്തിൽനിന്നും നീരസത്തിൽ നിന്നും വിമുക്തമായ വികാരത്താൽ സ്വബോധമില്ലാത്ത ഒരവസ്ഥയിലായിരുന്നു ദാവീദ്.

> ദാവീദ് പഞ്ഞിനൂലങ്കി ധരിച്ചുകൊണ്ടു പൂർണ്ണശക്തിയോടെ യഹോവയുടെ മുമ്പാകെ നൃത്തം[18] ചെയ്തു, ... (2 ശമുവേൽ 6:14).

> അങ്ങനെ യിസ്രായേലൊക്കയും ആർപ്പോടും കാഹളനാദത്തോടും, തൂര്യങ്ങളുടേയും, കൈത്താളങ്ങളുടേയും, ധ്വനിയോടുംകൂടി കിന്നരവും വീണയും വായിച്ചുകൊണ്ട്, യഹോവയുടെ നിയമപെട്ടകം കൊണ്ടുവന്നു (1 ദിനവൃത്താന്തം 15:28).

നിയമപെട്ടകം യെരുശലേമിൽ എത്തിയപ്പോൾ എന്തൊരു ആവേശമായിരിക്കണം അനുഭവപ്പെട്ടിരിക്കുക! യിസ്രായേലിന്റെ യഥാർത്ഥരാജാവ് ആരാണെന്ന് എല്ലാവരും അറിയുവാൻ ദാവീദ് ആഗ്രഹിച്ചു. ദാവീദ് രാജകീയ വസ്ത്രങ്ങൾ ധരിച്ചതുമില്ല രാജകീയ പ്രൗഢിയോടെ സൈന്യവുമായി വന്നതുമില്ല. പകരം, അവൻ വെറും പഞ്ഞികൊണ്ടുള്ള ഏഫോദു ധരിക്കുകയും,[19] യഹോവയെ സ്തുതിച്ചുകൊണ്ടു, അവൻ പെട്ടകത്തിനു ചുറ്റും നൃത്തം ചെയ്തു. അവൻ യെരുശലേമിനെ തലസ്ഥാനമാക്കിയപ്പോൾ അവനെ സ്വീകരിപ്പാൻ ഒരു പരേഡുമില്ലായിരുന്നു, എന്നാൽ അവൻ യഹോവക്കു വിജയകരമായ ഒരു പ്രവേശനം നല്കുവാൻ ആഗ്രഹിച്ചു!

അവർ ദാവീദ് ഉണ്ടാക്കിയ കൂടാരത്തിലെത്തിയപ്പോൾ, നിയമപെട്ടകം അതിനകത്ത് ആദരവോടെ വെച്ചിരിക്കുന്നു. പിന്നെ അവൻ തന്റേയും ജനത്തിന്റേയും പാപങ്ങൾക്കായി ദഹനയാഗങ്ങളും, കൂടാതെ സമാധാന ["കൂട്ടായ്മ"; എൻഐവി] യാഗവും അർപ്പിച്ചതു ദൈവവും തന്റെ ജനവും തമ്മിലുള്ള കൂട്ടായ്മ പുനഃസ്ഥാപിക്കപ്പെട്ടതിനെ ആഘോഷിക്കുവാനാണ്. ഈ അവസരത്തിനുവേണ്ടി ദാവീദ് ദൈവത്തിന്റെ മഹത്വത്തിലും, ശക്തിയിലും, വീര്യത്തിലും, ആദരവിലും, വല്ലഭത്വത്തിലും ഒരു സങ്കീർത്തനം രചിക്കുക

യുണ്ടായി (1 ദിനവൃത്താന്തം 16:8-36. ഒ.വാ. 16:8-22 ഉം സങ്കീർത്തനങ്ങൾ 105:1-15. ഒ.വാ. 16:23-33 ഉം സങ്കീർത്തനങ്ങൾ 96 ഉം. ഒ.വാ. 16:34-36 ഉം സങ്കീർത്തനങ്ങൾ 106:1, 47, 48-ഉം). ആ ചലിപ്പിക്കുന്ന ഗാനം, "യിസ്രായേലിൻ ദൈവമായ, യഹോവ, എന്നും എന്നേക്കും വാഴ്ത്തപ്പെട്ടവൻ" എന്നു ചൊല്ലിയാണ് അവസാനിപ്പിക്കുന്നത് (1 ദിനവൃത്താന്തം 16:36). "സകലജനവും, 'ആമേൻ,' എന്നു പറഞ്ഞു യഹോവയെ സ്തുതിച്ചു" (വാ. 36). ദാവീദ് തന്റെ കൈകൾ ഉയർത്തി "സൈന്യങ്ങളുടെ യഹോവയുടെ നാമത്തിൽ ജനത്തെ അനുഗ്രഹിച്ചു" (2 ശമുവേൽ 6:18). അവൻ പിന്നെ സകലജനത്തിനും ആവശ്യമുള്ള ആഹാരം പങ്കിട്ടുകൊടുത്തു, ദൈവം വീണ്ടും തന്റെ ജനത്തോടൊപ്പം ഉണ്ടെന്നുള്ള അറിവിൽ സന്തോഷിച്ചു, താന്താന്റെ വീട്ടിലേക്കു പോയി.

ദാവീദിനും അവന്റെ ആളുകൾക്കും നിയമത്തെ കർശനമായി അനുസരിച്ചതിനാൽ അവരുടെ സന്തോഷം നഷ്ടമായോ? വിശദാംശങ്ങളെ കൂടുതൽ ശ്രദ്ധിച്ചതുകൊണ്ട്, സന്തോഷം നഷ്ടമാകുകയില്ല മറിച്ച് അതിനെ വർദ്ധിപ്പിക്കുമെന്ന വസ്തുതയാൽ, അതിശയത്തോടെയല്ലാതെ 1 ദിനവൃത്താന്തം 15; 16-നോടുകൂടെ, 2 ശമുവേൽ 6-ന്റെ അവസാനഭാഗം വായിക്കുവാൻ സാധിക്കുകയില്ല. ദാവീദ് നിയമപെട്ടകം കൊണ്ടുവരുവാൻ ശ്രമിച്ച രണ്ടു പ്രാവശ്യവും ആഘോഷിക്കയുണ്ടായി. ആദ്യത്തെ ആഘോഷം, എങ്ങനെയായാലും, അവസാനിച്ചത് ദുഃഖത്തിലാണ് കാരണം ആളുകൾ ദൈവത്തെ "നിയമപ്രകാര" മല്ല അന്വേഷിച്ചത് (1 ദിനവൃത്താന്തം 15:13; കെജെവി). രണ്ടാമത്തെ ആഘോഷം സന്തോഷത്തിൽ അവസാനിച്ചു കാരണം അവർ ദൈവം പറഞ്ഞതു അങ്ങനെ തന്നെ ചെയ്തു.

രൂപത്തെക്കുറിച്ചുള്ള കരുതൽ രൂപസിദ്ധാന്തത്തിലേക്കു തിരിഞ്ഞേക്കാം, എന്നാൽ അങ്ങനെ സംഭവിക്കരുത്. ദൈവത്തെ സത്യത്തി*ലും* ആത്മാവി*ലും* നമസ്ക്കരിക്കുവാൻ സ്വയം സമർപ്പിക്കപ്പെട്ടവർക്ക്, ദൈവത്തിന്റെ "നല്ല അച്ചടി" യെ പിൻതാങ്ങൽ, നിഷേധകരമായ അനുഭവത്തേക്കാൾ വിമോചിപ്പിക്കുന്ന, അനുഭവമായി തോന്നാം. നിങ്ങളുടെ ആരാധന ദൈവത്തെ പ്രസാദിപ്പിക്കുന്നു എന്നു നിങ്ങൾക്കു ബോധ്യമാകുമ്പോൾ, പൂർണ്ണ ഹൃദയത്തോടെ നിങ്ങൾക്ക് ആരാധിക്കുവാൻ കഴിയും!

## അർത്ഥവത്തായ ആരാധനക്കു ഒരുക്കം ആവശ്യമാണ്

### (1 ദിനവൃ. 15:2-24; 16:1-7, 37-42)

2 ശമുവേൽ 6-ഉം 1 ദിനവൃത്താന്തം 15; 16-ഉം വിട്ടു പോകുന്നതിനുമുൻപു, രണ്ടു പ്രധാന സത്യങ്ങളെ ഞാൻ ഊന്നി പറയട്ടെ. ഒന്നു, അർത്ഥവത്തായ ആരാധനക്കു ജീവിതത്തിന്റേയും ഹൃദയത്തിന്റേയും ഒരുക്കം ആവശ്യമാണ് - അതു രഹസ്യാരാധനയായാലും പരസ്യാരാധനയായാലും ശരിയാണ്.

മുൻപ്, നിയമപെട്ടകം വെയ്ക്കുന്നതിനു ഒരു സ്ഥലവും, ചുമക്കുന്നതിനു ആളുകളെയും, യാഗത്തിനുള്ള ഏർപ്പാടും ദാവീദ് ഒരുക്കിയതായി നാം കണ്ടു. ഒന്ന് ദിനവൃത്താന്തം 15:16-24 ആ ഒരുക്കത്തെ കുറിച്ചു പറയുന്നു. ആരാധനാശുശ്രൂഷയുടെ വിവിധ കാര്യങ്ങൾ നാം പ്രത്യേകമായവരെ ചുമതലപ്പെടുത്തുന്നതു പോലെ, പ്രത്യേക ആളുകളെ പ്രത്യേക ജോലിക്കായി തിരഞ്ഞെടുത്തിരുന്നു. നിയമപെട്ടകം ചുമന്നുകൊണ്ടു പോകുന്നവരെകൂടാതെ, പാട്ടുകാരും സംഗീതക്കാരും സംഗീതം ആലപിക്കുകയും, വാതിൽക്കാവല്ക്കാർ നിയമ

പെട്ടകം കാക്കുകയും ചെയ്തു. വാക്യം 22 വിലപ്പെട്ട പ്രത്യേക കുറിപ്പുള്ള താണ്: “കെനന്യാവ്, ... പെട്ടകം വഹിക്കുന്നതിന് മേൽവിചാരകനായിരുന്നു; അവൻ അതിൽ സമർത്ഥനായിരുന്നു.” നാം ഒരു ആരാധനയ്ക്കു പദ്ധതിയി ടുമ്പോൾ, നമുക്ക് ഏറ്റവും നന്നായിട്ടുള്ളത് ഉപയോഗിക്കാം; ആരാധന നമ്മുടെ ഏറ്റവും നല്ലത് ആവശ്യപ്പെടുന്നു.

ഒന്ന് ദിനവൃത്താന്തം 16 പറയുന്നതു നിയമപെട്ടകം യെരുശലേമിൽ കൊണ്ടു വന്നുവെച്ചശേഷം, ദാവീദ് തന്റെ ഒരുക്കം തുടർന്നിരുന്നു എന്നാണ് - ഇപ്രാവ ശ്യം ദിവസം-തോറും-ഉള്ള ആരാധനക്കായിരുന്നു അവൻ ഒരുങ്ങിയത്. “യഹോ വയുടെ പെട്ടകത്തിനുമുൻപായി ശുശ്രൂഷ ചെയ്യുവാൻ അവൻ ചില ലേവ്യരെ നിയമിച്ചതു, യിസ്രായേലിന്റെ ദൈവമായ യഹോവയെ സ്തുതിക്കുവാനും നന്ദി കരേറ്റുവാനും ആഘോഷിക്കുവാനും ആയിരുന്നു” (വാ. 4).[20]

ഡാഡി പറയാറുണ്ട്, “വിലയുള്ള എന്തെങ്കിലും ചെയ്യുന്നത് അതു ശരി യായി ചെയ്യുമ്പോഴാണ്.” ജീവിതത്തിലെ മറ്റു മേഖലകളിൽ ആ തത്വത്തെ നമ്മിൽ മിക്കപേർക്കും മനസ്സിലാക്കാം. അതിശയകരമായി, എങ്ങനെയായാ ലും, ദൈവസന്നിധിയിൽ ദൈവത്തെ ആരാധിക്കുവാൻ, കാര്യഗൗരവമില്ലാതെ വന്നാലും, ദൈവം പ്രസാദിക്കുമെന്ന് നാം വിചാരിക്കുന്നു. ഒരുപക്ഷെ ശനി യാഴ്ച്ച രാത്രി നാം താമസിച്ച് ഉറങ്ങുകയും, ഞായറാഴ്ച്ച രാവിലെ താമസിച്ച് എഴുന്നേൽക്കുകയും ചെയ്തുകൊണ്ട്, സഭാമന്ദിരത്തിൽ താമസിച്ച് എത്തു കയും, ക്ഷീണിച്ച് ഉറക്കം തൂങ്ങി ഇരിക്കുകയും ചെയ്തുകൊണ്ട് - ആരാധന യിൽ നിന്ന് “എന്തെങ്കിലും ലഭിക്കും” എന്നു പ്രതീക്ഷിക്കുകയും ചെയ്യും.

അർത്ഥവത്തായ ആരാധനയ്ക്ക്, നാം ഒരുങ്ങണം. കൂടിവരുന്ന സ്ഥലവും നാം ഒരുക്കേണ്ടതായിട്ടുണ്ട്. കർത്തൃമേശയും നാം ഒരുക്കണം. പാട്ട് നയിക്കുന്ന വരും പ്രാർത്ഥന നയിക്കുന്നവരും ഒരുങ്ങണം. ഉപദേഷ്ടാവും ഒരുങ്ങണം. പര സ്യാരാധനയെ കുറിച്ച് പൗലൊസ് എഴുതുമ്പോൾ, അവൻ പറഞ്ഞു: “സകലവും ഉചിതമായും ക്രമമായും നടക്കട്ടെ” (1 കൊരിന്ത്യർ 14:40).

ഏറ്റവും മുഖ്യമായി, എങ്ങനെയായാലും, ദൈവത്തിന്റെ കൃപാസനത്തിനു മുൻപായി അവനെ ആരാധിക്കുവാൻ *തയ്യാറായി* വരേണ്ടതിന് ഓരോ വ്യ ക്തിയും തന്റെ ഹൃദയത്തേയും ജീവിതത്തേയും ഒരുക്കിക്കൊണ്ടുവേണം വരു വാൻ.

### ആരാധനയിൽ നിന്ന് നമുക്ക് ഒന്നും ലഭിച്ചില്ല എങ്കിൽ, നമുക്ക് ആദ്യം നമ്മുടെ സ്വന്തം ഹൃദയങ്ങളെ പരിശോധിക്കാം (2 ശമു. 6:16, 20-23; 1 ദിനവൃ. 15:29; 16:43)

2 ശമുവേൽ 7-ലേക്കു കടക്കുന്നതിനു മുൻപ് ഞാൻ ഊന്നിപ്പറയുവാൻ ആഗ്രഹിക്കുന്ന രണ്ടാമത്തെ സത്യം ഇതാണ്: നമുക്ക് ആരാധനയിൽ നിന്ന് ഒന്നും ലഭിച്ചില്ല എങ്കിൽ, ആദ്യം തന്നെ നാം നമ്മുടെ ഹൃദയങ്ങളിലേക്ക് നോക്ക ണം.

2 ശമുവേൽ 6:16-ൽ നാം വായിക്കുന്നു, “എന്നാൽ യഹോവയുടെ പെട്ടകം ദാവീദിന്റെ നഗരത്തിൽ കടക്കുമ്പോൾ ശൗലിന്റെ മകളായ മീഖൾ കിളിവാ തിലിൽകൂടി നോക്കി ദാവീദ് രാജാവ് യഹോവയുടെ മുമ്പാകെ കുതിച്ചു നൃത്തം ചെയ്യുന്നത് കണ്ടു; അവൾ തന്റെ ഹൃദയത്തിൽ അവനെ നിന്ദിച്ചു.” മീഖളിന്റെ ദുഃഖ സംഭവം നിങ്ങൾ ഓർമ്മിക്കുക. ശൗൽ അവളെ ദാവീദിനു

നൽകി; പിന്നെ, ദാവീദ് അഭയാർത്ഥിയായപ്പോൾ, ശൗൽ അവളെ മറ്റൊരാൾക്കു നൽകി. അബ്നേർ ദാവീദുമായി അവൻ രാജാവായി തീരുന്നതിനെ സംബന്ധിച്ച വിഷയം ചർച്ചചെയ്തപ്പോൾ, മീഖളിനെ തനിക്കു തിരിച്ചുതരണമെന്ന് ദാവീദ് അപേക്ഷിച്ചിരുന്നു. മീഖളിനെ അവളുടെ രണ്ടാമത്തെ ഭർത്താവിൽ നിന്ന് വേർപെടുത്തിയപ്പോൾ, അവൻ അവളുടെ പുറകെ ഓടി ചെന്ന്, നിർബന്ധിച്ച് പിന്തിരിപ്പിക്കുന്നതുവരെ, കരയുകയും ചെയ്തു. ഇപ്പോൾ ആ അസുഖകരമായ സംഭവം അവസാന – ഘട്ടത്തിലെത്തിയതായി കാണാം.

നിയമ പെട്ടകം നഗരവാതിലിൽ കൂടി കടക്കുമ്പോൾ, മീഖൾ രാജധാനിയുടെ ജനലിൽ കൂടെ നോക്കുകയും "അവൾ തന്റെ ഹൃദയത്തിൽ അവനെ നിന്ദിക്കുകയും ചെയ്തു." 1 ശമുവേൽ 18:20-ൽ നാം വായിക്കുന്നു, "ശൗലിന്റെ മകൾ, മീഖൾ, ദാവീദിനെ *സ്നേഹിച്ചു*." വർഷങ്ങൾ കടന്നുപോയി, എങ്ങനെയായാലും, സ്നേഹത്തിന്റെ കിരണങ്ങൾ കെടുവാൻ തുടങ്ങി; നിർജീവാവസ്ഥ മാത്രം അവശേഷിച്ചു. ഇപ്പോൾ "അവൾ അവനെ നിന്ദിച്ചു."

ആഘോഷമെല്ലാം കഴിഞ്ഞ്, ദാവീദ് "തന്റെ ഗൃഹത്തെ അനുഗ്രഹിക്കുവാൻ തിരിച്ചുപോയി" (1 ദിനവൃത്താന്തം 16:43). അവൻ വൈകാരികമായും ആത്മികമായും ഉയർന്നിരുന്നു; അവൻ അത് തന്റെ കുടുംബവുമായി പങ്കിടുവാൻ ആഗ്രഹിച്ചു. "അനന്തരം ദാവീദ് തന്റെ കുടുംബത്തെ അനുഗ്രഹിക്കേണ്ടതിന്നു മടങ്ങി വന്നപ്പോൾ," (2 ശമുവേൽ 6:20) അവനെ എതിരേറ്റത് ദേഷ്യപ്പെട്ടിരുന്ന മീഖളായിരുന്നു. അവളുടെ വാക്കുകളിൽ ഒളിയമ്പുണ്ടായിരുന്നു: "നിസ്സാരന്മാരിൽ ഒരുത്തൻ തന്നെത്താൻ അനാവൃതനാക്കുന്നതുപോലെ! ഇന്നു തന്റെ ദാസന്മാരുടെ ദാസികൾ കാൺകെ തന്നെത്താൻ അനാവൃതനാക്കിയ യിസ്രായേൽ രാജാവ് ഇന്നു എത്ര മഹത്വമുള്ളവൻ എന്നു പറഞ്ഞു!" (2 ശമുവേൽ 6:20). "തന്നെത്താൻ അനാവൃതനാക്കി" എന്നതിന് ദാവീദ് തന്റെ നഗ്നത വെളിപ്പെടുത്തി എന്ന അർത്ഥമാകുന്നില്ല (അവൻ അടിവസ്ത്രമുള്ള ഒരു മേലങ്കി ധരിച്ചിരുന്നു).[21] മുഖ്യപദപ്രയോഗം "നിസ്സാരന്മാരിൽ ഒരുത്തൻ" എന്നതാണ്; മീഖളിന്റെ കണ്ണിൽ ദാവീദ് തന്നെത്തന്നെ ഭോഷനാക്കി. അവൾ അവനെ നിന്ദിച്ചതു അവനെ മഹാനാക്കിയ കാര്യങ്ങളായ: ദൈവത്തോടുള്ള അവന്റെ ഉത്കണ്ഠയും അവന്റെ ആളുകളോടുള്ള യോജിപ്പിനെയും തിരിച്ചറിയലിനെയും കുറിച്ചുമാണ്.

ദാവീദിന്റെ മുഖം കുനിഞ്ഞു; അവന്റെ ആവേശം തണുത്തു. അവൻ മറുപടി പറഞ്ഞത് ദൈവമാണ് തന്നെ തിരഞ്ഞെടുത്തു ഉയർത്തിയത്, അതുകൊണ്ട് തന്റെ പ്രവൃത്തി ഭോഷത്വമായി മറ്റുള്ളവർക്ക് തോന്നിയാലും, അവൻ ദൈവത്തെ ഹൃദയത്തിൽ തന്നെ ആരാധിക്കുമെന്നാണ്. അവസാനം, ദൈവം എല്ലാവരുടേയും മദ്ധ്യേ തന്നെ ന്യായീകരിക്കുക തന്നെ ചെയ്യും.

2 ശമുവേൽ 6:23 അവസാനിപ്പിക്കുന്നത് ഈ ചെറിയ ദുഃഖ രംഗത്തോടെയാണ്: "ശൗലിന്റെ മകളായ മീഖളിന് മരിക്കുന്നതുവരെ സന്താനമില്ലായിരുന്നു."[22] ഇത് സൂചിപ്പിക്കുന്നത് ദൈവശാപത്താൽ അവൾ മച്ചിയായിത്തീർന്നു[23] എന്നാണ്; അത് ഒരുപക്ഷെ ദാവീദും മീഖളും ഭാര്യാഭർത്താക്കന്മാരായി പിന്നീടു ജീവിച്ചില്ല എന്നും സൂചിപ്പിക്കുന്നു. ഒരുപക്ഷെ രണ്ടും ശരിയായിരിക്കാം.

ഈ കുടംബസംബന്ധമായ ദുരന്ത നാടകത്തെയും ബന്ധങ്ങൾ തകരുന്ന കാരണത്തെയും കുറിച്ചും കൂടുതൽ നമുക്കു വേണമെങ്കിൽ പറയാം. എന്നിരുന്നാലും, ഇപ്പോൾ, ആരാധന എന്ന വിഷയത്തിൽ തന്നെ തുടരാം. യിസ്രായേൽ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സംഭവമായിരുന്നു നിയമപെ

ട്ടകം യെരുശലേമിലേക്ക് കൊണ്ടു വന്നത്. യെരുശലേമിലേക്ക് ഘോഷയാത്രയെ തിരിച്ചു സ്വാഗതം ചെയ്ത ജനക്കൂട്ടത്തോടൊപ്പം മീഖളിനും ചേരാമായിരുന്നു. എങ്ങനെയായാലും, മീഖളിന്റെ ഹൃദയാവസ്ഥ നിമിത്തം, ആ മഹത്തായ സന്ദർഭം അവളെ മരവിപ്പിച്ചു. അവൾ പ്രതികരിച്ചത് ഒരു വിമർശകൻ എന്ന പോലെയായിരുന്നു: "ദാവീദേ, നീ ഇപ്പോൾ ഒരു വിഡ്ഢിയെ പോലെ കാണിക്കുന്നു!"

ആരാധനയെ വിമർശിക്കുന്നത് പ്രചാരത്തിലിരിക്കുന്ന ഒന്നുപോലെ ആയിട്ടുണ്ട്. ആലങ്കാരികമായി പറഞ്ഞാൽ, നാം നമ്മുടെ സ്കോർ കാർഡ് ഉയർത്തുന്നത് ആരാധന നയിക്കുന്നവർക്കായിരിക്കും: "ഞാൻ പാട്ടു നയിക്കുന്നയാളിന് 6-ഉം, പ്രാർത്ഥന നയിക്കുന്നയാളിന് 3-ഉം, ഉപദേഷ്ടാവിന് 5-ഉം കൊടുക്കും – എന്നാൽ ആരാധനയ്ക്ക് മൊത്തത്തിൽ മൈനസ് 2 മാത്രം!" ആരാധനയെ സംബന്ധിച്ച് വിധേയത്വ മനോഭാവത്തിൽ അകപ്പെടാൻ എളുപ്പമാണ്: "ആരാധന *എനിക്കിഷ്*ടമായാൽ, അതു നന്നായിരുന്നു; ആരാധന *എനിക്ക്* ഇഷ്ടപ്പെട്ടില്ല എങ്കിൽ, അതു മോശമായിരുന്നു."

പ്രഥമവും മുഖ്യവുമായി, നമ്മെ തുടർച്ചയായി ഓർമ്മിപ്പിക്കേണ്ടിയിരിക്കുന്നത്, ആരാധന എന്നത് കർത്താവിനോടുള്ള *ഹൃദയത്തിന്റെ* ഒരു പ്രതികരണമാണ് എന്നാണ്. എനിക്ക് ആരാധനയിൽ നിന്ന് "ഒന്നും ലഭിച്ചില്ല" എങ്കിൽ, പ്രശ്നം ഒരുപക്ഷെ എന്റെ ഹൃദയത്തിനായിരിക്കും, അല്ലാതെ ആരാധന തയ്യാറാക്കി നയിച്ചവരുടേതായിരിക്കുകയില്ല. മീഖൾ കണ്ടതുപോലെ വിമർശനാത്മകമായ കണ്ണുകളോടെ ആരാധനയെ നോക്കി കാണാതിരിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ.

### ആരാധനയിൽ, നല്ല ഉദ്ദേശങ്ങൾ മാത്രം പോരാ
### (2 ശമു. 7:1-17; 1 ദിനവൃ. 17:1-15)

2 ശമുവേൽ 7-ലേക്കു നാം കടക്കുമ്പോൾ, നാം അടുത്തതായി ഈ പ്രധാന പാഠം കാണുന്നു: ആരാധനയെ സംബന്ധിച്ചാകുമ്പോൾ, നല്ല ഉദ്ദേശങ്ങൾ മാത്രം പോരാ എന്നു കാണുന്നു.

2 ശമുവേൽ 6-നും 7-നും ഇടയ്ക്കുള്ള കാലയളവിൽ, ദാവീദ് രാജധാനിയുടെ പണി പൂർത്തിയാക്കുകയും യുദ്ധങ്ങൾ നടത്തുകയും ചെയ്തു.[24] അവസാനം, ഒരു ദിവസം ദാവീദ് തന്റെ പുതിയ മനോഹരമായ ഭവനത്തിൽ, വിശ്രമിക്കുകയായിരുന്നു. എങ്ങനെയായാലും, അവൻ തൃപ്തിയോടെ നോക്കിയപ്പോൾ, അവനെ പിടിച്ചു കുലുക്കിയ ചിന്ത: "ദൈവത്തിന്റെ പെട്ടകം കൂടാരത്തിലിരിക്കുമ്പോൾ, ഞാൻ മനോഹരമായ രാജധാനിയിൽ താമസിക്കുന്നു!" അവൻ തന്റെ സ്നേഹിതനും, ഉപദേശകനും, വിശ്വസ്തനുമായിരുന്ന,[25] നാഥാനെ വിളിച്ചു. തന്റെ വിചാരം അവൻ നാഥാനോടു പറഞ്ഞപ്പോൾ, പ്രവാചകൻ താല്പര്യത്തോടെ പ്രതികരിച്ചു: "നീ ചെന്നു, നിന്റെ മനസ്സിലുള്ളതൊക്കെയും ചെയ്തു കൊൾക, യഹോവ നിന്നോടുകൂടെ ഉണ്ട് എന്നു പറഞ്ഞു" (2 ശമുവേൽ 7:3).

എങ്ങനെയായാലും, ആ രാത്രിയിൽ, ദാവീദിന്റെ പരിപാടികൾ ധൃതി പിടിച്ചു അംഗീകരിക്കരുതായിരുന്നു എന്നു പറയുന്നതിനുവേണ്ടി ഒരു ദർശനത്തിൽ ദൈവം നാഥാനുമുൻപിൽ പ്രത്യക്ഷനായി. അവർ ആദ്യം തന്നെ *അവന്റെ* അംഗീകാരം ആ പദ്ധതിക്കുണ്ടോ എന്ന് യഹോവയോടു ചോദിക്കണമായിരുന്നു. ഇവിടെ നമുക്കുള്ള പാഠങ്ങളുണ്ട്. ഒന്നാമതായി അർത്ഥവ

ത്തായ സ്നേഹിതന്മാർ നമ്മെ വഴി തെറ്റിച്ചേക്കാം, അത് ആത്മീയമായി ബഹുമാനിക്കപ്പെടുന്നവരുമാകാം (നാഥാൻ ദൈവത്തിന്റെ ഒരു പ്രവാചകനായിരുന്നു). രണ്ടാമത്തെ പാഠം (നാം ഇപ്പോൾ ഊന്നിപ്പറയുന്നതും) നമ്മുടെ ഉദ്ദേശം നന്നായിരുന്നാൽ പോലും, നമ്മുടെ പദ്ധതികൾക്ക് ദൈവത്തിന്റെ-അംഗീകാരം ഉണ്ടായെന്നു വരികയില്ല.

ആരാധനയിലെ ചില പുതുമകളെ കുറിച്ച് ആളുകൾ ന്യായീകരിക്കുന്നത് അസാധാരണമല്ല, "എന്റെ ഉദ്ദേശം ദൈവത്തെ മഹത്വപ്പെടുത്തുകയാണ് എന്നിരിക്കെ, ദൈവം തീർച്ചയായും അതിൽ പ്രസാദിക്കും." ദൈവത്തെ പ്രസാദിപ്പിക്കുന്നത് എന്താണെന്ന് നമുക്ക് *അറിയാൻ* സാധിക്കുന്ന ഏക മാർഗ്ഗം, എങ്ങനെയായാലും, അവൻ തന്റെ വചനത്തിൽ പറഞ്ഞിരിക്കുന്നതു വായിക്കുക എന്നതാണ്. നമുക്ക് അതോ ഇതോ ദൈവത്തെ പ്രസാദിപ്പിക്കുന്നതായി *തോന്നാം*, പക്ഷെ വീണ്ടും ഞാൻ പറയട്ടെ, ദൈവത്തെ പ്രസാദിപ്പിക്കുന്നത് എന്താണെന്ന് നമുക്ക് *അറിയാൻ* സാധിക്കേണ്ടതിനുള്ള ഏക മാർഗ്ഗം അവന്റെ വചനമായ ബൈബിൾ വായിക്കുക എന്നതാണ് (യെശയ്യാവു 55:8; സദൃശവാക്യങ്ങൾ 14:12).

അടുത്ത ദിവസം നാഥാനു ദാവീദിന്റെ അടുത്തു തിരിച്ചു ചെന്നു ഇങ്ങനെ പറയുവാൻ വിഷമമായിരുന്നേക്കാം, "നിന്റെ പദ്ധതിയിൽ പ്രോത്സാഹിപ്പിച്ചതിൽ എനിക്കു തെറ്റു പറ്റി!" എങ്ങനെയായാലും, നാഥാൻ, ദൈവത്തിന്റെ പ്രവാചകനായിരുന്നു – പ്രവാചകന്റെ ജോലിയുടെ വിവരണത്തിൽ പ്രയാസമുള്ള ജോലികൾ അതിന്റെ ഭാഗമായി പറഞ്ഞിരിക്കുന്നു. അവൻ ദാവീദിന്റെ അടുക്കൽ ചെന്നു ദൈവസന്ദേശം വിശ്വസ്തമായി അവതരിപ്പിച്ചു. 5 മുതൽ 16 വരെയുള്ള വാക്യങ്ങളിൽ, കാണപ്പെടുന്ന സന്ദേശം, 2 ശമുവേലിലെ ഏറ്റവും പ്രധാനപ്പെട്ട വേദഭാഗവും പഴയനിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട വചനവുമാണ്.

ഫലത്തിൽ, ദൈവം ദാവീദിനോടു, പറഞ്ഞതു, "*എനിക്കു* ഒരു ആലയമുണ്ടാക്കുവാൻ ഞാൻ നിന്നോടു പറഞ്ഞില്ലല്ലോ. അതില്ലാതെ ഒരു കുഴപ്പവുമില്ലല്ലോ."[26] ദൈവം വ്യക്തമായി പറഞ്ഞു, "നീ എനിക്കു വസിക്കുവാൻ ഒരു ആലയം ഉണ്ടാ*ക്കേണ്ട*" (1 ദിനവൃത്താന്തം 17:4; എംഫസിസ് മൈൻ). മറ്റൊരു വാക്കിൽ, "നിന്റെ ഉദ്ദേശം നല്ലതായിരിക്കാം, പക്ഷെ അതല്ല ഞാൻ ആഗ്രഹിക്കുന്നത്."

ദാവീദിന്റെ സ്വപ്നത്തിനു ദൈവം "ഇല്ല" എന്നു പറയുവാൻ പല കാരണങ്ങൾ ഉണ്ട്. ദാവീദ് പിന്നീട് ഈ വിവരം നൽകുന്നുണ്ട്:

> എങ്കിലും, എനിക്കു യഹോവയുടെ അരുളപ്പാടു ഉണ്ടായതെന്തെന്നാൽ, "നീ വളരെ രക്തം ചിന്തി, വലിയ യുദ്ധങ്ങളും ചെയ്തിട്ടുണ്ട്; നീ എന്റെ നാമത്തിന്നു ഒരു ആലയം പണിയരുത്, നീ എന്റെ മുമ്പാകെ ഭൂമിയിൽ ബഹുരക്തം ചിന്തിയിരിക്കുന്നു. എന്നാൽ നിനക്കു ഒരു മകൻ ജനിക്കും, അവൻ വിശ്രമപുരുഷനായിരിക്കും; ഞാൻ ചുറ്റുമുള്ള അവന്റെ സകല ശത്രുക്കളെയും നീക്കി അവന്നു വിശ്രമം കൊടുക്കും; അവന്റെ പേർ ശലോമോൻ [അതിനർത്ഥം സമാധാനമുള്ളവൻ] എന്നു ആയിരിക്കും, അവന്റെ കാലത്ത് ഞാൻ യിസ്രായേലിന്നു സമാധാനവും സ്വസ്ഥതയും നല്കും. അവൻ എന്റെ നാമത്തിന്നു ഒരു ആലയം പണിയും, ..." (1 ദിനവൃത്താന്തം 22:8–10).

ദാവീദിനായി ദൈവത്തിനു പല മുൻഗണനകളുണ്ടായിരുന്നു: ദാവീദിനു

സാമ്രാജ്യം സ്ഥാപിക്കയും (നോക്കുക 1 രാജാക്കന്മാർ 5:3), തന്റെ കുടുംബം പണിയുകയും ചെയ്യണമായിരുന്നു. പിന്നെ അവന്റെ മകൻ ശലോമോൻ ദൈവാലയം പണിയും.

നമ്മുടെ സ്വപ്നങ്ങൾക്കു ദൈവം "ഇല്ല" എന്നു പറയുമ്പോൾ നമുക്കു പ്രയാസം തോന്നുകയില്ലേ? നാം നമ്മുടെ പദ്ധതി തയ്യാറാക്കും, നമ്മുടെ ഉദ്ദേശങ്ങൾ ഉയർന്നതായിരിക്കും, ദൈവത്തിനു അത് അംഗീകരിക്കാതിരിപ്പാൻ നാം കാരണം ഒന്നും കാണുകയില്ല, എന്നാൽ അപ്പോൾ ആ പദ്ധതികൾ ഫലം കാണാതെ പോകും. ഒരുപക്ഷെ അതു ഒരു ക്രിസ്തീയ പങ്കാളിയെ കണ്ടെത്തി ഒരു ക്രിസ്തീയ കുടുംബം സ്ഥാപിക്കുന്നതിലോ, കുട്ടികളെ കർത്താവിന്റെ ബാലശിക്ഷയിൽ പരിശീലനം നൽകി വളർത്തുന്ന കാര്യത്തിലോ ആകാം, അല്ലെങ്കിൽ നമ്മുടെ ജീവിതത്തിൽ ചെയ്യുവാൻ ആഗ്രഹിക്കുന്ന കാര്യത്തിലാകാം – പക്ഷെ ദൈവം നമുക്കു അംഗീകാരം നല്കുന്നില്ല.[27] എന്റെ സ്വപ്നങ്ങൾ ഫലിക്കാതെ പോയിട്ടുണ്ട്; നിങ്ങളുടേയും, സ്വപ്നങ്ങൾ, ഫലിക്കാതിരുന്നിട്ടുണ്ടാകാം.

ദൈവം "ഇല്ല," എന്നു പറയുമ്പോൾ അതിനർത്ഥം ദൈവം നമ്മെ ഉപേക്ഷിച്ചു എന്നല്ല എന്നതു നാം മനസിലാക്കണം. നമ്മുടെ ആവശ്യങ്ങളെ ദൈവം എഴുതിത്തള്ളിയാൽ പോലും, അവൻ നമ്മെ എഴുതിത്തള്ളുന്നില്ല.[28] ദൈവം പിന്നീട് ദാവീദിനോടു പറഞ്ഞു, "എന്റെ നാമത്തിനു ഒരു [ആലയം പണിയേണമെന്നു] നിനക്കു താല്പര്യം ഉണ്ടായതു *നല്ലതു*" (1 രാജാക്കന്മാർ 8:18; എംഫസിസ് മൈൻ).

ദൈവമനസിൽ നല്ലത് ഒന്നുള്ളതുകൊണ്ടാണ്, ചിലപ്പോൾ നമ്മുടെ ആവശ്യങ്ങൾക്കു അവൻ "ഇല്ല" എന്നു പറയുന്നതെന്നും രണ്ട് ശമുവേൽ 7 പഠിപ്പിക്കുന്നു. യിസ്രായേലിന്നു ദൈവം എന്തു ചെയ്യുമെന്നു ദാവീദിനോടു പറഞ്ഞശേഷം, അവൻ പറഞ്ഞു: "യഹോവ നിനക്കു ഒരു ഗൃഹം ഉണ്ടാക്കുമെന്നും യഹോവ നിന്നോടു അറിയിക്കുന്നു" (വാ. 11). വാക്കുകൾ കൊണ്ടു അമ്മാനമാടുന്നതു നമുക്കിവിടെ കാണാം: "നീ എനിക്കു ഒരു ഗൃഹം ഉണ്ടാക്കുകയില്ല (ഒരു ദൈവാലയം), എന്നാൽ ഞാൻ നിനക്കു ഒരു ഗൃഹം ഉണ്ടാക്കും (ഒരു സാമ്രാജ്യം)." പഴയനിയമത്തിന്റെ "പ്രത്യയശാസ്ത്ര കൊടുമുടി" എന്നു വിളിക്കാവുന്നതാണ് രണ്ടു ശമുവേൽ 7:11-16. ദാവീദിനു ദൈവം രാജ്യം സ്ഥാപിച്ചുകൊടുക്കുമെന്നു പറഞ്ഞശേഷം, അവൻ തുടരുന്നു:

> നിന്റെ ഉദരത്തിൽനിന്നു പുറപ്പെടുവാനിരിക്കുന്ന സന്തതിയെ നിന്റെ ആയുഷ്ക്കാലം തികഞ്ഞിട്ടു, നിന്റെ പിതാക്കന്മാരോടുകൂടെ നീ നിദ്ര കൊള്ളുമ്പോൾ, ഞാൻ നിനക്കു പിന്തുടർച്ചയായി സ്ഥിരപ്പെടുത്തുകയും, അവന്റെ രാജത്വം ഉറപ്പാക്കുകയും ചെയ്യും. അവൻ എന്റെ നാമത്തിന്നു ഒരു ആലയം പണിയും, ഞാൻ അവന്റെ രാജത്വത്തിന്റെ സിംഹാസനം എന്നേക്കും സ്ഥിരമാക്കും. ഞാൻ അവന്നു പിതാവും അവൻ എനിക്കു പുത്രനും ആയിരിക്കും; അവൻ കുറ്റം ചെയ്താൽ, ഞാൻ അവനെ മനുഷ്യരുടെ വടികൊണ്ടും മനുഷ്യപുത്രന്മാരുടെ അടികൊണ്ടും ശിക്ഷിക്കും, എങ്കിലും ഞാൻ നിന്റെ മുൻപിൽ നിന്നു തള്ളിക്കളഞ്ഞ ശൗലിങ്കൽനിന്നു, ഞാൻ എന്റെ ദയ നീക്കിയതുപോലെ, അതു അവങ്കൽനിന്നു നീങ്ങിപ്പോകയില്ല. നിന്റെ ഗൃഹവും നിന്റെ രാജത്വും എന്റെ മുമ്പാകെ എന്നേക്കും സ്ഥിരമായിരിക്കും; നിന്റെ സിംഹാസനവും എന്നേക്കും ഉറെച്ചിരിക്കും (2 ശമുവേൽ 7:12-16).

ദാവീദിനു രണ്ടു വാഗ്ദാനങ്ങൾ നല്കിയിരുന്നു: (1) അവന്റെ സന്തതി ദൈവാലയം പണിയും, (2) അവന്റെ രാജ്യം എന്നേക്കും തുടരും. ഈ വാഗ്ദാനങ്ങളിൽ ആദ്യത്തേതു ശലോമോനെക്കുറിച്ചുള്ളതാണെന്നു ദാവീദിനു മനസിലായിരുന്നു.[29] രണ്ടാമത്തെ വാഗ്ദാന നിറവേറൽ ശലോമോന്റെ കാലത്തിനു ശേഷം സംഭവിക്കുവാനിരുന്നതായിരുന്നു, അതു ദാവീദിന്റെ പിൻഗാമികൾ യെഹൂദാ സിംഹാസനത്തിലിരിക്കുമ്പോൾ നിറവേറേണ്ടതായിരുന്നു. ആ രാജാക്കന്മാർ ആകേണ്ടതുപോലെ ആയില്ലെങ്കിൽ പോലും, "ദാവീദ് നിമിത്തം" ദൈവം ഭരണം തുടർന്നിരുന്നു (1 രാജാക്കന്മാർ 15:4). അവസാനം, എങ്ങനെയായാലും, ദൈവത്തിനു ക്ഷമ കെട്ടു. യെഹൂദ്യയിലെ തെക്കെ രാജ്യം ബാബേലിൽ അടിമകളാക്കപ്പെട്ടു. അതിനു ശേഷം ദാവീദിന്റെ സന്തതികളാരും ആ സിംഹാസനത്തിലിരുന്നില്ല. എന്നിരുന്നാലും, ദൈവം തന്റെ വാഗ്ദാനം മറന്നില്ല. ദൈവശ്വാസിയപ്രവാചകന്മാരിൽകൂടെ, വരുവാനുള്ള ദാവീദിന്റെ സന്തതി, അവന്റെ സിംഹാസനത്തിൽ ഇരിക്കുമെന്നു അറിയിച്ചു:

> "ഞാൻ, ദാവീദിന്നു നീതിയുള്ളോരു മുളയായവനെ;
> ഉത്ഭവിപ്പിക്കുന്ന, 'കാലം വരും,'
> അവൻ രാജാവായി വാണു ബുദ്ധിയോടെ പ്രവർത്തിച്ചു
> ദേശത്തുനീതിയും ന്യായവും നടത്തും ...
> അവന്നു 'യഹോവ നമ്മുടെ നീതി,'
> എന്നു പേർ പറയും."
> (യിരെമ്യാവു 23:5, 6).

"നീതിമാനായ യേശുക്രിസ്തു" (1 യോഹന്നാൻ 2:1) ആ പ്രവചനങ്ങളുടെ നിവർത്തീകരണം ആയിരുന്നു. മത്തായി എഴുതിയ സുവിശേഷം ആരംഭിക്കുന്നതു, "*ദാവീദിന്റെ പുത്രനായ*, യേശുക്രിസ്തുവിന്റെ വംശാവലി" എന്നു പറഞ്ഞുകൊണ്ടാണ് (വാ. 1; എംഫസിസ് മൈൻ; കൂടാതെ നോക്കുക ലൂക്കൊസ് 3:31). ദാവീദ് രാജാവിന്റെ പിൻഗാമിയായി, യേശുക്രിസ്തു വന്നതു ഒരിക്കലും നശിക്കാത്ത ആത്മിയ രാജ്യമാകുന്ന, സഭ സ്ഥാപിക്കുവാനാണ് (ഒ.വാ. ദാനിയേൽ 2:44; യെശയ്യാവു 2:2–4; മർക്കൊസ് 1:14, 15; മത്തായി 16:18, 19; മർക്കൊസ് 9:1; യോഹന്നാൻ 18:36; ലൂക്കൊസ് 24:45–49; പ്രവൃത്തികൾ 1:6–8; 2:1–4; എബ്രായർ 12:28). യേശുവിന്റെ ഉയിർപ്പിനുശേഷം, അവൻ സ്വർഗ്ഗത്തിലേക്കു പോകയും "ദാവീദിന്റെ സിംഹാസനത്തിൽ" ഇരിക്കയും ചെയ്തു (പ്രവൃത്തികൾ 2:29–36; വെളിപ്പാട് 3:7). രാജാവായ യേശു, തന്റെ രാജ്യം ആകുന്ന സഭ, ഇപ്പോഴും ഭരിച്ചുകൊണ്ടിരിക്കയാണ് (ഒ.വാ. 1 കൊരിന്ത്യർ 15:24–27; കൊലൊസ്യർ 1:13).

അങ്ങനെ, 2 ശമുവേൽ 7-ലെ വലിയ വാഗ്ദാനങ്ങൾ അവസാനം ക്രിസ്തുവിൽ നിറവേറിയതായി എബ്രായലേഖകൻ സൂചിപ്പിച്ചിരിക്കുന്നു. ലേഖകൻ ചോദിച്ചു, "ദൂതന്മാരിൽ ആരോടെങ്കിലും [ദൈവം] എപ്പോഴെങ്കിലും, ... 'ഞാൻ അവന്നു പിതാവും, അവൻ എനിക്കു പുത്രനും ആയിരിക്കും' എന്നു അരുളിച്ചെയ്തിട്ടുണ്ടോ?" (എബ്രായർ 1:5). സന്ദർഭത്തിൽ, മനസിലാക്കിയ ഉത്തരം "ദൈവം ഇതു ദൂതന്മാരോട് ആരോടും പറഞ്ഞിട്ടില്ല, എന്നാൽ തന്റെ പുത്രനായ, യേശു വിനോടു പറഞ്ഞു" എന്നാണ്. ദൈവശ്വാസിയ എഴുത്തുകാരൻ തറപ്പിച്ചു പരോക്ഷമായി പറയുന്നത് ശലോമോനും – യെഹൂദ്യയിലെ

മറ്റു രാജാക്കന്മാരും – 2 ശമുവേൽ 7–ന്റെ താൽക്കാലികവും ഭാഗികവുമായ നിറവേറൽ ആയിരുന്നു, എന്നാൽ നമ്മുടെ കർത്താവും യജമാനനുമായ ക്രിസ്തുവിലാണ് അവസാനം അതു പൂർണ്ണമായി നിറവേറുന്നതു എന്നാണ്!

അല്പം ഒന്നു നിന്നു ഞാൻ ഇപ്പോൾ പറഞ്ഞതു ഗ്രഹിക്കുവാൻ ശ്രമിക്കുക. ദാവീദിന്റെ ഉള്ളിൽ ഉണ്ടായിരുന്നതു യെരുശലേമിലേക്കു വരുന്നവരെ അനുഗ്രഹിക്കുന്നതായ കല്ലും മണ്ണും മരവും കൊണ്ടുള്ള നശിക്കാവുന്ന ഒരു കെട്ടിടമായിരുന്നു. ദൈവമനസിൽ ഉണ്ടായിരുന്നതു നൂറ്റാണ്ടുകളായി ആളുകളെ ആത്മികമായി അനുഗ്രഹിക്കേണ്ടതിനുള്ള നിത്യരാജ്യമായിരുന്നു! നമ്മുടെ സ്വപ്നങ്ങളോടു ദൈവം "ഇല്ല" എന്നു പറയുമ്പോൾ, ചിലപ്പോൾ ദൈവമനസിൽ എന്തെങ്കിലും ശ്രേഷ്ഠമായുള്ളതുണ്ട് എന്നതു വാസ്തവമാണ് – അതു നമുക്കു ഊഹിക്കുവാൻ കഴിയുന്നതിനുപരി വളരെ നല്ലതായിരിക്കും.

എങ്ങനെയായാലും, ദാവീദ് ദൈവത്തോടു ആലോചിക്കാതെയായിരുന്നു ആ പദ്ധതി തയ്യാറാക്കിയത് എന്ന വസ്തുത, നമുക്ക് വീണ്ടും അടിവരയിട്ടു പറയാം.[30] അവന്റെ ലക്ഷ്യങ്ങൾ മാന്യമായിരുന്നു; കർത്താവിന്നു മഹത്വം കൊടുക്കുക എന്നതായിരുന്നു അവന്റെ ആഗ്രഹം. എങ്കിലും, ആദ്യം ദൈവത്തോടു ചോദിക്കുന്നതിൽ അവൻ പരാജയപ്പെടുകയും, ദൈവം അവന്റെ പദ്ധതികളോട് "ഇല്ല" എന്നു പറയുകയും ചെയ്തു. "പരിജ്ഞാനപ്രകാരമല്ലെങ്കിലും, ദൈവത്തെ സംബന്ധിച്ചു എരിവു കാണിക്കുന്നവരെ" കുറിച്ചു പൊലൊസ് പിന്നീടു പറഞ്ഞു (റോമർ 10:2). നമ്മുടെ നല്ല ഉദ്ദേശങ്ങൾ എപ്പോഴും ദൈവവെളിപ്പാടുമായി ഒത്തു നോക്കണം. ദൈവത്തെ ആരാധിക്കുന്നതോ അല്ലെങ്കിൽ കർത്താവിനുള്ള മറ്റെന്തു ശുശ്രൂഷയെ കുറിച്ചോ നാം സംസാരിച്ചാലും, നല്ല ഉദ്ദേശം മാത്രം പോരാ.

## യഥാർത്ഥ ആരാധനയുടെ ഫലമാണ് ദൈവവുമായി യോജിക്കുന്ന ജീവിതം (2 ശമു. 7:18-29; 1 ദിനവൃ. 17:16-27; 22; 28)

ദൈവത്തിന്റെ ശാസനയോടു പ്രതികരിച്ച രീതിയാണ് "ദൈവത്തിന്നു ബോധിച്ച ഹൃദയമുള്ളവൻ" എന്നു ദാവീദിനെ വിളിക്കുവാനുള്ള ഒരു കാരണം.

ഞാനായിരുന്നു ദാവീദെങ്കിൽ, നാഥാൻ വന്നു ആലയം പണിയുവാൻ എനിക്ക് അനുവാദമില്ലെന്നു പറഞ്ഞാൽ, ദൈവം എന്തെങ്കിലും നല്ലതു കണ്ടിട്ടാണെങ്കിലും ഞാൻ അതു കാര്യമാക്കുകയില്ല. ഞാൻ ഒരുപക്ഷെ രണ്ടു കാര്യങ്ങൾ ചെയ്തേക്കാം. ഒന്ന്, ഞാൻ ഒരാഴ്ച്ചയോ മറ്റോ ദുർമുഖം കാണിച്ചിരിക്കും. എങ്ങനെയായാലും, ദാവീദിന്റെ പ്രതികരണം, നോക്കുക: നാഥാൻ ദൈവസന്ദേശം അറിയിച്ചശേഷം (2 ശമുവേൽ 7:17), "പിന്നെ ദാവീദ് രാജാവു അകത്തു ചെന്നിരുന്നു"[31] (വാ. 18). യജമാനന്റെ അടുത്തു ഒരു ദാസൻ ഇരിക്കുന്നതുപോലെ നിയമപെട്ടകം വെക്കുവാൻ അവൻ ഉണ്ടാക്കിയ കൂടാരത്തിൽ ദാവീദ് ചെന്നു ഇരുന്നു.

പിന്നീടുള്ള അവന്റെ പ്രാർത്ഥനയിൽ, ദാവീദ് ആദരവുള്ളവനും, താഴ്മയുള്ളവനും, നിസ്വാർത്ഥനുമായി കാണുന്നു. അവൻ തന്നെത്താൻ "നിന്റെ ദാസൻ" എന്നു പത്തു പ്രാവശ്യം പറയുന്നുണ്ട്. ദൈവത്തിന്റെ വാഗ്ദാനങ്ങളെല്ലാം നിറവേറപ്പെടണമെന്നും യഹോവ യുടെ മഹത്വം എല്ലാവർക്കും വ്യക്തമാകണമെന്നും പ്രാർത്ഥനയിൽ ദാവീദ് പറയുന്നുണ്ട്. അവന്റെ പ്രാർത്ഥനയിലെ ചില മുഖ്യാംശങ്ങൾ നമുക്കു നോക്കാം:

..."കർത്താവായ, യഹോവേ, നീ എന്നെ ഇത്രത്തോളം [സിംഹാസനത്തിലേക്കു] കൊണ്ടുവരുവാൻ ഞാൻ ആർ [അതായത്, ഞാൻ വന്നതായ എന്റെ ഭവനം], എന്റെ ഗൃഹവും എന്തുള്ളൂ? ... കർത്താവായ യഹോവേ ദാവീദ് ഇനി നിന്നോടു എന്തു പറയേണ്ടു? കർത്താവായ യഹോവേ, നീ അടിയനെ അറിയുന്നു! ... അതുകൊണ്ടു കർത്താവായ യഹോവേ, നീ വലിയവൻ ആകുന്നു; നിന്നെപ്പോലെ ഒരുത്തനുമില്ല, നീ അല്ലാതെ ഒരു ദൈവവുമില്ല, ... ഇപ്പോൾ, കർത്താവായ യഹോവേ, നീ തന്നേ ദൈവം, നിന്റെ വചനങ്ങൾ സത്യവും ആകുന്നു [വിശ്വാസ്യയോഗ്യം; എൻഐവി], ... കർത്താവായ, യഹോവേ, നീ അങ്ങനെ അരുളിച്ചെയ്തിട്ടുണ്ടല്ലോ; നിന്റെ അനുഗ്രഹത്താൽ അടിയന്റെ ഗൃഹം എന്നേക്കും അനുഗ്രഹിക്കപ്പെട്ടിരിക്കും" (2 ശമുവേൽ 7:18, 20, 22, 28, 29).

രണ്ട്, ഞാൻ ദാവീദിന്റെ സ്ഥാനത്തായിരുന്നുവെങ്കിൽ, ഞാൻ ഒരുപക്ഷെ പറയുമായിരുന്നു, "ആലയം പണിയുവാൻ എന്നെ അനുവദിക്കുന്നില്ലെങ്കിൽ, ഞാൻ ഇനി ഒന്നും ചെയ്യുവാൻ പോകുന്നില്ല. ഇനി എല്ലാം ശലോമോൻ നോക്കിക്കൊള്ളട്ടെ!" എങ്ങനെയായാലും, ദാവീദ്, തന്റെ ശേഷിച്ച കാലയളവത്രയും ആലയത്തിനു വേണ്ട ഒരുക്കം നടത്തുകയായിരുന്നു.

അനന്തരം ദാവീദ് ... ദൈവത്തിന്റെ ആലയം പണിവാൻ ചതുരക്കല്ലു ചെത്തേണ്ടതിന്നു അവൻ കല്പണിക്കാരെ നിയമിച്ചു. ദാവീദ് പടിവാതിൽകതകുകളുടെ ആണികൾക്കായിട്ടും കൊളുത്തുകൾക്കായിട്ടും, വളരെ ഇരിമ്പും തൂക്കമില്ലാതെ വളരെ താമ്രവും; അനവധി ദേവദാരുവും ഒരുക്കിവെച്ചു, ... ദാവീദ് പറഞ്ഞു, "എന്റെ മകൻ ശലോമോൻ ചെറുപ്പവും ഇളം പ്രായവുമുള്ളവൻ ആകുന്നു, യഹോവെക്കായി പണിയേണ്ടുന്ന ആലയമോ കീർത്തിയും ശോഭയും കൊണ്ടു, സർവ്വദേശങ്ങൾക്കും അതിമഹത്വമുള്ളതായിരിക്കേണം. ആകയാൽ ഞാൻ അതിന്നു തക്കവണ്ണം വട്ടം കൂട്ടും ..." (1 ദിനവൃത്താന്തം 22:2-5).

ദൈവം ദാവീദിനെ അനുഗ്രഹിച്ചിട്ട് ആലയത്തിന്റെ ഒരു ദൈവശ്വാസിയമായ ബ്ലൂപ്രിന്റ് നല്കുവാൻ പരിശുദ്ധാത്മാവിനെ അയച്ചു.[32] അവസാനം, ദാവീദ് ശലോമോനെ വിളിച്ചു "യിസ്രായേലിന്റെ ദൈവമായ യഹോവക്കു ഒരു ആലയം പണിവാൻ കല്പന കൊടുത്തു" (1 ദിനവൃത്താന്തം 22:6). അവൻ തന്റെ മകനോടു പറഞ്ഞു:

ഇതാ, ഞാൻ എന്റെ കഷ്ടത്തിൽ യഹോവയുടെ ആലയത്തിന്നായി 100,000 താലന്ത് പൊന്നും, 1,000,000 താലന്തു വെള്ളിയും, പെരുപ്പം നിമിത്തം തൂക്കമില്ലാത്ത താമ്രവും ഇരിമ്പും സ്വരൂപിച്ചിട്ടുണ്ട്; മരവും കല്ലും കൂടെ ഞാൻ ഒരുക്കിവെച്ചിരിക്കുന്നു, നിനക്കു ഇനിയും അതിനോടു ചേർത്തുകൊള്ളാമല്ലോ. ... പൊന്നു വെള്ളി, താമ്രം ഇരിമ്പു എന്നിവ, ധാരാളം ഉണ്ട്. ... (1 ദിനവൃത്താന്തം 22:14, 16).

ആലയത്തിന്റെ ചെലവു ജ്യോതിശാസ്ത്രപരമായി കണക്കാക്കിയാൽ, കോടി ക്കണക്കിനു രൂപയിലധികം വരും!

> പിന്നെ ദാവീദ് തന്റെ മകനായ ശലോമോന്നു തന്റെ മനസിലുണ്ടാ യിരുന്ന ... ദൈവാലയത്തിന്റെ മാതൃക കൊടുത്തു, ... "ഇതെല്ലാം," ദാവീദ് പറഞ്ഞു, "ഈ മാതൃകയുടെ എല്ലാ പണികളും യഹോവ എനിക്കു വേണ്ടി, തന്റെ കൈകൊണ്ടു എഴുതിയ രേഖാമൂലം എന്നെ ഗ്രഹിപ്പിച്ചി രിക്കുന്നു" (1 ദിനവൃത്താന്തം 28:11, 12, 19).

ദൈവാലയത്തിനു ദാവീദ് തന്റേതായ വിശദാംശങ്ങളല്ല നൽകിയത്. അവൻ ശലോമോനു നൽകിയ മാതൃക ദൈവശ്വാസിയമായിരുന്നു.

കർത്താവിന്റെ സന്ദേശത്തോടുള്ള ദാവീദിന്റെ പ്രതികരണത്തിൽ തന്റെ വ്യക്തിപരമായ ആഗ്രഹങ്ങൾ മറക്കുവാനും ദൈവേഷ്ടത്തിനു കീഴ്പ്പെടു വാനും ഉള്ള മനോഭാവം ഉൾപ്പെട്ടിരുന്നു എന്നതു ദയവായി ശ്രദ്ധിക്കുക - അതെല്ലാം അവൻ ചെയ്തതു നല്ല മനോഭാവത്തോടെയുമായിരുന്നു! ദാവീ ദിന്റെ ആഗ്രഹം എപ്പോഴും ദൈവത്തോട് അടുക്കുക എന്നതായിരുന്നു. അതാണ് ആരാധന അർത്ഥമാക്കുന്നത്. നാം ശരിയായ മനോഭാവത്തോടെ ദൈവത്തെ ആരാധിക്കുകയാണെങ്കിൽ, പിന്നീട്, നമ്മുടെ ഹൃദയവും ജീവി തവും ദൈവേഷ്ടത്തിനനുസരിച്ചായിരിക്കും ചലിക്കുക.

**ഉപസംഹാരം**

"ഉയർന്നും പൊങ്ങിയുമിരിക്കുന്ന," സിംഹാസനത്തിൽ കർത്താവു ഇരി ക്കുന്നതു യെശയ്യാവു കണ്ടപ്പോൾ, അവൻ അത്യുച്ചത്തിൽ പറഞ്ഞു:

> എനിക്കു അയ്യോ കഷ്ടം, ഞാൻ നശിച്ചു!
> ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ,
> ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു;
> എന്റെ കണ്ണ് സൈന്യങ്ങളുടെ യഹോവയായ, രാജാവിനെ
> കണ്ടുവല്ലോ (യെശയ്യാവു 6:5).

നാം നില്ക്കുന്നതു വിശുദ്ധ സ്ഥലത്താണെന്നും, ദൈവസന്നിധിക്കു മുൻപാ കെയാണെന്നും നമുക്കു തിരിച്ചറിയുവാൻ കഴിഞ്ഞാൽ, ഇന്നും അതു നമ്മുടെ ആരാധനയെ എത്ര വ്യത്യാസമുള്ളതാക്കി തീർക്കും!

ആരാധനയുടെ പ്രാധാന്യം നമ്മെ സ്വാധീനിച്ചു എന്നു ഞാൻ വിചാരി ക്കുന്നു - നമ്മുടെ രഹസ്യത്തിലുള്ള ധ്യാനത്തിലായാലും അല്ലെങ്കിൽ ആളു കൾ ദൈവത്തെ പരസ്യമായി ആരാധിക്കുന്നതിലായാലും നാം അതിന്റെ പ്രാധാന്യത്തെ ഇഷ്ടപ്പെടുന്നു. ആരാധന നമ്മുടെ മതത്തിന്റെ കേന്ദ്രബിന്ദു വാണ്; അത് നമ്മുടെ ജീവിതത്തെ കേന്ദ്രീകരിക്കുന്നതിനുള്ളതാകണം.

നമ്മുടെ പ്രശ്നങ്ങൾ എന്തെന്നാൽ ആരാധനയെ: ഒരു മണിക്കൂർ ഇവി ടെയും, കുറച്ചു മിനിട്ടു അവിടെയുമായി നാം നമ്മുടെ ഇഷ്ടത്തിനു യോജി ച്ചതാക്കും എന്നതാണ്. ദാവീദ് തന്റെ ആരാധനയെ അങ്ങനെയാക്കിയില്ല; തന്റെ ജീവിതം ആരാധനക്കു ചുറ്റും കേന്ദ്രീകരിച്ചതായിരുന്നു - അതിൽ തന്റെ കർത്താവിനെ അവൻ പുകഴ്ത്തുകയും മഹത്വപ്പെടുത്തുകയും ചെയ്തു.

അവന്റെ കർത്താവുമായുള്ള ബന്ധം ശരിയല്ലാതായപ്പോൾ, അവൻ അത് മനസ്സിലാക്കി - അവന്റെ ജീവിതത്തിൽ വേണ്ടതായ ശ്രദ്ധ നഷ്ടപ്പെട്ടതായി കണ്ടു. നേരെമറിച്ച്, നമ്മുടെ ജീവിതം അവിടെയും ഇവിടെയും തൊടാതെ പോകുമ്പോൾ, ആരാധനയ്ക്ക് വേണ്ടത്ര സമയം നാം എടുക്കാതിരുന്നാൽ, അത് നമ്മുടെ പ്രവൃത്തികൾ ക്രമമില്ലാത്ത ഒരവസ്ഥയിലേക്കു ആകുവാൻ കാരണമാകുന്നു.

"ദൈവമേ, അങ്ങേയ്ക്കു യോഗ്യമായ ആദരവും ബഹുമാനവും കാണിക്കാതെ വീണ്ടും വീണ്ടും പരാജയപ്പെടുന്ന ഒരു ജനമായി ഞങ്ങൾ നിന്റെ അടുക്കൽ വരുന്നു. ആരാധനയിൽ ഞങ്ങളുടെ തെറ്റുകൾ നിമിത്തം നീ വേദനിക്കേണ്ടിവരുന്നത് എന്തുകൊണ്ടാണെന്നു ഞങ്ങൾ അറിയുന്നില്ല, പക്ഷെ അങ്ങനെ ചെയ്യുന്നതുകൊണ്ട് ഞങ്ങൾ നന്ദിയുള്ളവരാണ്. ഇപ്പോൾ, അങ്ങയുടെ സാന്നിധ്യം ഞങ്ങൾക്ക് അനുഭവമാക്കേണമേ, അങ്ങനെ അങ്ങു ഞങ്ങളുടെ സമീപത്തുണ്ടെന്ന് അറിയുവാനും - ഞങ്ങൾ താഴേണ്ടതിനും അങ്ങയെ പോലെ ആകേണ്ടതിനും സഹായിക്കേണമേ. ഈ ആരാധന കഴിഞ്ഞുപോകുമ്പോൾ ഞങ്ങളുടെ ഹൃദയം അങ്ങുമായി കൂടുതൽ അടുക്കുവാൻ സഹായിക്കേണമേ. യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു, ആമേൻ."

---

### പ്രസംഗവും ദൃശ്യ - സഹായ കുറിപ്പുകളും

**പ്രസംഗക്കുറിപ്പുകൾ:** രണ്ടു ശമുവേൽ 6; 7 ദാവീദിന്റെ ജീവിതത്തിലെ പ്രധാന അനുഭവങ്ങൾ ഉള്ള ഭാഗമാണ്. ഈ വേദഭാഗത്തെ ആസ്പദമാക്കി ഡസൻ കണക്കിനു ശക്തമായ പാഠങ്ങൾ രൂപപ്പെടുത്താം.

2 ശമുവേൽ 6-ഉം 1 ദിനവൃത്താന്തം 13; 15-ഉം അടിസ്ഥാനമാക്കി, "പുതിയ വണ്ടികൾ" എന്നതിനെ കുറിച്ച് അനേകം പ്രധാനപ്പെട്ട പ്രസംഗങ്ങൾ പ്രസംഗിച്ചിട്ടുണ്ട്. പാഠത്തിൽ രണ്ടുതരത്തിലുള്ള "പുതിയ വണ്ടികളെ" പറ്റിപ്പറഞ്ഞിട്ടുണ്ട്: ഉപദേശപരമായ തെറ്റിനെ സംബന്ധിക്കുന്ന പുതിയ വണ്ടികളും ആദരവില്ലാത്ത പുതിയ വണ്ടികളും. മൂന്നാമത്തേതൊന്ന് കൂട്ടിച്ചേർക്കാം: ലൗകികമായ സാങ്കേതികപദ്ധതികളുടെ പുതിയ വണ്ടികൾ. രക്ഷയ്ക്കുള്ള ദൈവശക്തിയായി സുവിശേഷത്തിൽ ആശ്രയിക്കുന്നതിനു പകരം (റോമർ 1:16), നാം ഇമ്പകരമായി തോന്നുന്ന മാനുഷിക ജ്ഞാനത്തിലും ബിസിനിസ് സൂത്രങ്ങളിലും ആകൃഷ്ടരാകുന്നു.

ശമുവേൽ 6-ൽ നിന്നും ആരാധനയെ കുറിച്ച് പ്രായോഗികമായ ഒരു പാഠം പ്രസംഗിക്കാം. ആ പാഠത്തിൽ, കർത്തൃമേശയുടെ ഗൗരവത്തെ ഊന്നിപ്പറയാം ("വിശുദ്ധമായതിനെ അശുദ്ധമാക്കരുത്" [ലേവ്യാപുസ്തകം 22:15]). പാഠശേഷം ഉടനെ, കർത്തൃമേശ എടുക്കാം. ക്ഷണം സ്വീകരിക്കുന്നത് പ്രസംഗത്തിനു മുൻപോ അല്ലെങ്കിൽ കർത്തൃമേശയ്ക്കുശേഷമോ ആകാം.

1 ദിനവൃത്താന്തം 15:8-36 ൽ രേഖപ്പെടുത്തിയിരിക്കുന്ന സങ്കീർത്തനം നല്ല ഒരു അനുബന്ധപഠനം നൽകുന്നതാണ്. അത് സങ്കീർത്തനങ്ങൾ 105-ഉം 106-മായി ബന്ധപ്പെടുത്തി പഠിപ്പിക്കാവുന്നതാണ്.

"സന്തോഷപ്രദമായ ദാമ്പത്യബന്ധത്തെ എങ്ങനെ നശിപ്പിക്കാം" എന്ന ശക്തമായ പാഠത്തിന്റെ അടിസ്ഥാനമായി മീഖളിന്റേയും ദാവീദിന്റെയും സംഭവം എടുക്കാം.

"ദൈവം 'അല്ല' എന്നു പറയുമ്പോൾ" എന്നതിനെ കുറിച്ചുള്ള പാഠത്തിന്

രണ്ട് ശമുവേൽ 7–നെ എടുക്കാം.

സങ്കീർത്തനം 132 എന്നത് 2 ശമുവേൽ 7 –ന്റെ ചുരുക്കമാണ്. 2 ശമുവേൽ 7–ൽ ദാവീദുമായിട്ടുള്ള ഉടമ്പടിയിൽ സങ്കീർത്തനം 89 ഉള്ളതായി കാണാം.

2 ശമുവേൽ 7–ൽ ദാവീദിന് ദൈവം നല്കിയതായ വാഗ്ദാനങ്ങളെ ചുറ്റിപ്പറ്റി വിശ്വാസത്തെ-ശക്തിപ്പെടുത്തുന്ന ഒരു പാഠം രൂപപ്പെടുത്താം. ഈ പഴയ നിയമ വേദഭാഗങ്ങൾ നേരിട്ട് നമ്മുടെ ജീവിതത്തെയും – നമ്മുടെ നിത്യതയെയും എങ്ങനെ ബാധിക്കുമെന്നു കാണുക. 2 ശമുവേൽ 7–നെ ക്കുറിച്ചുള്ള ഹെൻറി എച്ച്. ഹാലിയുടെ കുറിപ്പുകൾ നല്ല ഒരു ഉറവിടമാണ്. (*ബൈബിൾ ഹാൻഡ്ബുക്ക്*) [ഷിക്കാഗോ, Ill.: ഹെൻറി എച്ച്. ഹാലി, 1955], 174).

**ദൃശ്യസഹായ കുറിപ്പുകൾ**: ഒരു മുഴുവൻ-ആയുള്ള നിയമപെട്ടകത്തിന്റെ മാതൃക എടുത്തു കാണിക്കുന്നത് നല്ല ദൃശ്യ സഹായമാണ്. ബൈബിൾ സ്കൂളിലെ ചില ഉപദേഷ്ടാക്കന്മാരുടെ കയ്യിൽ ഒരു നല്ല മോഡൽ ഉണ്ടായി രിക്കും അല്ലെങ്കിൽ ക്ലാസിൽ പിന്നീട് അവന് / അവൾക്ക് ഉപയോഗിക്കേണ്ട തിന് ഒരു മോഡൽ ഉണ്ടാക്കുവാൻ തയ്യാറുള്ളവർ ആയിരിക്കും. ഒരു മോഡൽ ലഭിക്കുന്നത് നിങ്ങൾക്ക് അസാദ്ധ്യമെങ്കിൽ, നിയമപെട്ടകത്തിന്റെ ഏതാണ്ട് ആകൃതിയിൽ ഒരു കാർഡ്ബോർഡ് ബോക്സുണ്ടെങ്കിൽ അത് സദസ്യർക്ക് ആർക്ക് കൊണ്ടു പോകുന്ന അനുഭവം കൊടുക്കുവാൻ സഹായിക്കും.

---

കുറിപ്പുകൾ

[1]"കെരൂബുകൾ" എന്നത് "കെരൂബ്" എന്നതിന്റെ ബഹുവചനമാണ്. അവ ഒരു പക്ഷെ ദൂതന്മാരെ ചിത്രീകരിച്ചു കാണിക്കുന്നതാകാം. [2]മഹാപുരോഹിതൻ തന്റെയും ജനത്തിന്റെയും പാപപരിഹാരത്തിനായി, രക്തം എടുത്ത് കൃപാസനത്തിൽ തളിക്കും. [3]എൻഎഎസ്ബി യുടെ ഒന്നാം എഡീഷൻ പറയുന്നത് ആളുകൾക്ക് ഹീമൊ റോയിഡ്സ് ഉണ്ടായിരുന്നു എന്നാണ്, എന്നാൽ അടുത്ത സമയത്ത് ഇറക്കിയ എഡീ ഷൻ പറയുന്നതു "റ്റൂമേഴ്സ്" എന്നാണ് (1 ശമുവേൽ 5:6; മുതലായവ.). [4]കെജെവി യിലും എൻഎഎസ്ബി യിലും മരിച്ചവരുടെ എണ്ണം 50,070 എന്നാണ് പറയുന്നത്. എൻഐവിയിലും, എൻഇബിയിലും, മറ്റു തർജ്ജിമകളിലും ഉള്ളത് 70 എന്നാണ്. [5]1 ശമുവേൽ 7:2–ലെ ഇരുപതു വർഷം ഒരു പക്ഷെ സൂചിപ്പിക്കുന്നത് കിര്യത്ത് – യെയാരീമിൽ നിയമപെട്ടകം കൊണ്ടുവന്ന സമയത്തിനും വാക്യം 3–ൽ ശമുവേൽ വിളിച്ചു ചേർത്ത യോഗത്തിനും ഇടയ്ക്കുള്ള കാലയളവിനെ ആയിരിക്കാം. ദാവീ ദിന്റെ വാഴ്ചയോടു കുറഞ്ഞത് ശമുവേലിന്റെ 20 വർഷക്കാല ശുശ്രൂഷയും ശൗലിന്റെ നാല്പതു വർഷക്കാല വാഴ്ചയും കൂടാതെ പത്തുവർഷക്കാലവും ചേർത്താൽ എഴു പതിൽ-അധികം വർഷങ്ങൾ ലഭിക്കുന്നു. [6]അവർ അതിനെ "ഒരു *പുതിയ* വണ്ടിയിൽ" ആണ് വെച്ചത് എന്നു ശ്രദ്ധിക്കുക, അതു ഒരുപക്ഷെ ആ സാഹചര്യത്തിന് വേണ്ടി പ്രത്യേകമായി ഉണ്ടാക്കിയതാവാം. ഞാൻ വിചാരിക്കുന്നത് ആ വണ്ടി ഇതുവരെയു ള്ളതിൽ ഏറ്റവും ആകർഷണീയമായ രീതിയിൽ നിർമ്മിച്ച ഒന്നായിരുന്നു എന്നാണ്! എന്നാൽ, എങ്ങനെയായാലും, അതു ദൈവം പറഞ്ഞത് അനുസരിച്ചായിരു*ന്നില്ല*. [7]സമാ ഗമന കൂടാരത്തിന്റെ മറ്റു ഭാഗങ്ങളിൽ പോകുവാൻ വണ്ടി ഉപയോഗിച്ചിരുന്നതായി ചിലർക്ക് ഒരുപക്ഷെ അവ്യക്തമായ ഓർമ്മയുണ്ടാകാം (സംഖ്യാപുസ്തകം 7:3-8). [8]ഒന്ന് ദിനവൃത്താന്തം 13:7 പറയുന്നത് അവർ വണ്ടി "തെളിച്ചു" എന്നാണ്. അവർ

ഒരുപക്ഷെ വണ്ടിയുടെ വശത്തുകൂടെ നടന്നു അതു വലിച്ചിരുന്ന കാളകളെ തെളിച്ചതായിരിക്കാം. [9]പുരാതനകാലത്തെ ചിത്രങ്ങൾ നോക്കിയാൽ, ഒരു വണ്ടി സാധാരണ രണ്ടു ചക്രമുള്ളതും അതു രണ്ടു കാളകളാൽ വലിക്കുന്നതുമായിരുന്നു. [10]1 ദിനവൃത്താന്തം 13:9 ലും രണ്ടു ശമുവേൽ 6:6 ലും "നാഖോന്റെ കളപ്പുരയെ" കുറിച്ചു പറയുന്നുണ്ട്. "നാഖോൻ" എന്ന പേർ തിരുവെഴുത്തിൽ മറ്റൊരിടത്തും കാണാത്തതുകൊണ്ട്, അതിന്റെ അർത്ഥമെന്തെന്നു വാസ്തവത്തിൽ നമുക്ക് അറിയില്ല. എൻഈബിയിൽ "ഒരു *പ്രത്യേക* കളപ്പുര" എന്നാണുള്ളത്. ചിലർ വിചാരിക്കുന്നതു കീദോൻ എന്നതിന്റെ മറ്റൊരു പേരാണ് "നാഖോൻ" എന്നാണ്.

[11]ഇതിനെ എന്തെങ്കിലും വിലയുള്ളതിനു കേടു വരുത്താതെ ഒരാൾ സംരക്ഷിക്കുകയും അതിനു ശിക്ഷിക്കാതെ, പ്രതിഫലം നൽകിയ ഉദാഹരണവുമായി താരതമ്യം ചെയ്യാം. അവർ നിയമപെട്ടകം ശരിയായി ചുമന്നു കൊണ്ടു പോയെങ്കിൽ, ആ അപകടം ഒഴിവാക്കാമായിരുന്നു എന്നു ഓർമ്മിക്കുക. [12]ആ സ്ഥലത്തിനു "പേരെസ്-ഉസ്സാ" എന്നു പേരിട്ടു, അർത്ഥമാക്കുന്നത് ദൈവത്തിന്റെ "ഉസ്സയോടുണ്ടായ ക്രോധം [കോപം]" ആണ് (2 ശമുവേൽ 6:8). അതു പെട്ടെന്നു മറക്കാതിരിക്കുവാനുള്ള ദൈവികമുന്നറിയിപ്പായിരുന്നു. [13]"ഗിത്യർ" എന്നതിന്റെ അർത്ഥം "ഗാത്ത് നിവാസികൾ" എന്നാണ് (2 ശമുവേൽ 15:18 നോക്കുക), എന്നാൽ ഇവിടെ അതു ഒരുപക്ഷെ ഫെലിസ്ത്യനിവാസികളെ അല്ല സൂചിപ്പിക്കുന്നത്. അന്നു യിസ്രായേലിലെ പല പട്ടണങ്ങൾക്കും അവയുടെ പേരിൽ "ഗാത്ത്" എന്ന പേരുണ്ടായിരുന്നു (യോശുവ 21:20-25); അവൻ മിക്കവാറും ആ പട്ടണങ്ങളിൽ ഏതെങ്കിലും ഒന്നിൽനിന്നുള്ളവനായിരുന്നേക്കാം. അവൻ ലേവ്യർക്കിടയിൽ പിന്നീടു സൂചിപ്പിച്ചിട്ടുള്ള ഏദോമ്യനായ-ഓബേദ് ആയിരുന്നേക്കാം (1 ദിനവൃത്താന്തം 15:18; മുതലായവ.). [14]നാം പഠിക്കുന്ന കഥയിൽ, ദാവീദ് ഉപകരണങ്ങൾ ഉപയോഗിച്ചു പാട്ട് പാടുന്നുണ്ട്, എന്നാൽ അത് പഴയനിയമ ആരാധനയിൽ ഉണ്ടായിരുന്നു. അത്തരത്തിലുള്ള പാട്ടു ധൂപവർഗ്ഗത്തോടും മൃഗയാഗത്തോടും ഉണ്ടായിരുന്നതു സഭ സ്ഥാപിതമായതോടെ നിന്നുപോയി. [15]മത്തായി 15:9 ലെ യേശുവിന്റെ പ്രസ്താവന ശ്രദ്ധിക്കുക. [16]പാഠം ഒരുപക്ഷെ വ്യക്തിപരവും, പ്രായോഗികവും, വേദനാജനകവുമായേക്കാം! [17]1 ദിനവൃത്താന്തം 15:1, 3, 12; കൂടാതെ 2 ശമുവേൽ 6:17-ഉം നോക്കുക. നിയമപെട്ടകം സമാഗമനകൂടാരത്തിലെ അതി വിശുദ്ധസ്ഥലത്തു വെക്കാതെ മറ്റൊരു സ്ഥലത്തു ദാവീദ് വെക്കുവാനുള്ള കാരണം എന്തായിരുന്നു, ദൈവം എന്തുകൊണ്ടു അവനെ അതിനു അനുവദിച്ചു? ഇതാ ചില ചിന്തകൾ: (1) നിയമപെട്ടകം പല സ്ഥലങ്ങളിലായിരിക്കയും ആ സ്ഥലം അനുഗ്രഹിക്കപ്പെട്ടതുകൊണ്ടും സ്ഥലം തിരഞ്ഞെടുക്കാവുന്നതാണെന്നു വ്യക്തം. (2) സമാഗമനകൂടാരത്തിന്റെ വിവിധഭാഗങ്ങൾ പല സ്ഥലങ്ങളിലായി ചിതറിപ്പോയിരുന്നു, അതു ശേഖരിച്ചു ഒന്നിച്ചുകൂട്ടുന്നതിനു അപ്പോഴാണ് തുടങ്ങിയത്. (3) നമ്മോട് പറയാത്ത ചില വെളിപ്പാടു ദൈവത്തിൽ നിന്നു ദാവീദിനു കിട്ടിയിരിക്കാം. [18]ഈ വേദഭാഗത്തിൽ മാത്രമാണ് എബ്രായ വാക്ക് "നൃത്തം ചെയ്യുന്നു" എന്നു തർജ്ജിമ ചെയ്തിരിക്കുന്നത് കാണുന്നത് (2 ശമുവേൽ 6:14, 16). അതിന്റെ അക്ഷരിക അർത്ഥം "ചുഴറ്റുക" എന്നാണ്. [19]1 ദിനവൃത്താന്തം 15:27; കൂടാതെ 2 ശമുവേൽ 6:14-ഉം നോക്കുക. ഒരു ഏഫോദ് എന്നാൽ ഇറുക്കത്തിൽ-തയ്ക്കുന്നതും, കയ്യില്ലാതെ വലിച്ചിടുന്നതുമായ ഒന്നാണ്. അതു ധരിച്ചിരുന്നവർ പുരോഹിതന്മാരായിരുന്നു (1 ദിനവൃത്താന്തം 15:27); ദാസന്മാരും അതു ധരിച്ചിരുന്നു. അതു ഒരു സാധാരണ രാജകീയ വസ്ത്രം ആയി*രുന്നില്ല.* [20]സമാഗമനകൂടാരവും ദഹനയാഗത്തിനുള്ള യാഗപീഠവും സ്ഥിരമായി അവർക്കു കൂടി വരുവാൻ ഒന്നുണ്ടാകുന്നതുവരെ തല്ക്കാലത്തേക്കു ഗിബെയോനിൽ വിട്ടിട്ട് വന്നിരുന്നു. അവിടെ ശുശ്രൂഷ ചെയ്യുവാൻ ദാവീദ് മറ്റുള്ളവരെ ചുമതലപ്പെടുത്തിയിരുന്നു (1 ദിനവൃത്താന്തം 16:39 മുതൽ.). ദൈവാലയ

പണി പൂർത്തിയാക്കിയപ്പോൾ, സമാഗമനകൂടാരവും നിയമപെട്ടകവും അവിടേക്കു കൊണ്ടുവന്നു (ഒ. വാ. 1 രാജാക്കന്മാർ 8:4; 2 ദിനവൃത്താന്തം 5:5).

[21]ദാവീദ് നഗ്നനായിരുന്നോ ഇല്ലയോ എന്നതിനെക്കുറിച്ചു വ്യാഖ്യാതാക്കൾ തമ്മിൽ യോജിക്കുന്നില്ല; എന്റെ അഭിപ്രായം അവൻ നഗ്നനായിരുന്നില്ല എന്നാണ്. [22]അതിനർത്ഥം അവൾക്കു "*വേറെ* മക്കൾ ഉണ്ടായിരുന്നില്ല" എന്നാകാം, എന്നാൽ ഒരുപക്ഷെ അവൾക്കു മക്കളേ ഉണ്ടായിരുന്നില്ല എന്നുമാകാം. 2 ശമുവേൽ 21:8-ൽ കെജെവിയും, എൻകെജെവിയും, മറ്റു ചില തർജ്ജിമകളും മീഖളിനു ഒന്നിലധികം മക്കളുണ്ടായിരുന്നതായി പറയുന്നു. എങ്ങനെയായാലും, സെപ്ടജിന്റിലും മറ്റു പല എബ്രായ കയ്യെഴുത്തുപ്രതികളിലും "മീഖൾ" എന്നതിനു പകരം "മേരാബ്" എന്നാണുള്ളത്, മിക്ക ആധുനിക തർജ്ജിമക്കാരും അതാണെടുത്തിരിക്കുന്നത്. [23]പഴയനിയമകാലത്തു, മച്ചിയായിരിക്കുന്നതു വലിയ ശാപമായിട്ടാണ് കണക്കാക്കിയിരുന്നത് (1 ശമുവേൽ 1:5, 6 നോക്കുക). [24]രണ്ടു ശമുവേൽ 7:1 പറയുന്നു, "യഹോവ ചുറ്റുമുള്ള സകല ശത്രുക്കളെയും അടക്കി, രാജാവിന്നു സ്വസ്ഥത നല്കിയശേഷം അവൻ തന്റെ അരമനയിൽ വസിച്ച കാലത്ത്." അദ്ധ്യായം 8-ൽ പറഞ്ഞ ചില യുദ്ധങ്ങൾ നടന്നതു അദ്ധ്യായം 6-നും 7- നും ഇടയ്ക്കായിരിക്കണം. [25]ദാവീദിന്റെ പിന്നീടുള്ള ജീവിതത്തിൽ മുഖ്യ പങ്കു വഹിച്ച നാഥാനെ കുറിച്ചു, ആദ്യമായാണ് ഇവിടെ വായിക്കുന്നത് (2 ശമുവേൽ 12:1-14; 1 രാജാക്കന്മാർ 1). തന്റെ മക്കളിൽ ഒരാൾക്കു ദാവീദ് "നാഥാൻ" എന്നു പേരിട്ടിരുന്നു (2 ശമുവേൽ 5:14). [26]ദൈവത്തിന്റെ സന്ദേശത്തിൽ, അവൻ പൊതുവായി യിസ്രായേലിന് ചെയ്തതും പ്രത്യേകമായി ദാവീദിനു ചെയ്തതും ദാവീദിനെ ഓർമ്മിപ്പിച്ചിരുന്നു, ഭാവിയിൽ എന്തു ചെയ്യുമെന്നും അവൻ പറഞ്ഞു. [27]"ഗിവ് അസ് ദ നോഡ്" എന്ന അലങ്കാരപ്രയോഗത്തിനർത്ഥം "ടു സേ 'യെസ്'" എന്നാണ്. [28]"റൈറ്റ്സ് ഓഫ്" എന്ന അലങ്കാരപ്രയോഗത്തിനർത്ഥം "കണക്കാക്കാതിരിക്കുക" അല്ലെങ്കിൽ "തള്ളിക്കളയുക" എന്നാണ്. വാചകത്തിന്റെ ആദ്യഭാഗത്ത് ഒന്നാമത്തെ അർത്ഥവും; അവസാനഭാഗത്ത്, രണ്ടാമത്തെ അർത്ഥവുമാണ് ഉപയോഗിച്ചിരിക്കുന്നത്. [29]1 ദിനവൃത്താന്തം 22:6-10 ലും 28:6-10 ലും, ദാവീദ് 2 ശമുവേൽ 7-ൽ നിന്ന് ഉദ്ധരിച്ചു ശലോമോനെക്കുറിച്ചു പറഞ്ഞതാണ്. ശലോമോനെക്കുറിച്ചു ദാവീദ് ഉപയോഗിച്ച വാക്കുകൾ ഉചിതമായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു (ഉദാഹരണത്തിനു, വാക്യം 14 നോക്കുക). [30]ചോദ്യം ഇതാണ്, ദാവീദ് നാഥാനോടു സംസാരിച്ചതു ഒരു സ്നേഹിതനോടെന്നപോലെയാണോ അതോ ഒരു പ്രവാചകനോട് എന്ന പോലെ ആയിരുന്നോ? അവൻ ഒരു പ്രവാചകനോട് എന്ന പോലെ അവനോടു സംസാരിച്ചുവെങ്കിൽ, ഒരു പക്ഷെ ഈ കാര്യത്തിൽ ദൈവേഷ്ടം അറിയുവാൻ അവൻ പരിശോധന നടത്തിയിരിക്കാം. അവൻ ഒരു സ്നേഹിതനോടെന്ന പോലെ സംസാരിച്ചു എന്നാണ് ഞാൻ കരുതുന്നത്. എങ്ങനെയായാലും, തെറ്റു ദാവീദിന്റെതോ അല്ലെങ്കിൽ നാഥാന്റെയോ അല്ലെങ്കിൽ രണ്ടു പേരുടേതോ ആയിരുന്നാലും, അവർ ദൈവത്തോടു ആലോചിച്ചില്ല എന്നതാണ് മുഖ്യം.

[31]ഇതു മാത്രമാണ് (ഒത്തുവാക്യമായ 1 ദിനവൃത്താന്തം 17:16-നോടൊപ്പം) ഇരുന്നു പ്രാർത്ഥിക്കുന്നതിനെക്കുറിച്ചു ബൈബിളിൽ സൂചിപ്പിക്കുന്നത്. ഇതു മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുന്നതിന്റെ മറ്റൊരു രീതി ആയിരിക്കാം - തല ഉയർത്തി മുട്ടിന്മേൽ കുനിഞ്ഞിരിക്കുന്നതാകാം. [32]ഒ.വാ. 1 ദിനവൃത്താന്തം 28:19. ഒരു എഴുത്തുകാരൻ "ദാവീദ് സമാഗമന കൂടാരം പുതുക്കിയതുപോലെ," ദൈവത്തിന്റെ വെളിപ്പാട് "കാലത്തിനു അനുയോജ്യമാക്കുവാൻ" പുതുക്കാമെന്നതിന് തെളിവായി ആലയത്തെ എടുത്തിട്ടുണ്ട്. *ദൈവത്താലാണ്* "പുതുക്കൽ" നടത്തിയത് എന്നുള്ളത് പ്രധാനമായി ശ്രദ്ധിക്കുക.